SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

ഓഗസ്റ്റ് 2021 | പുസ്തകം 01 | ലക്കം 07 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

# സീറോമലബാർ സഭയുടെ സിനഡാനന്തര പത്രക്കുറിപ്പ്

**സീറോമലബാർ സഭയുടെ സിനഡിന്റെ 29-ാം സമ്മേളനത്തിന്റെ രണ്ടാം ഭാഗം ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി നടന്നു. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി വിഷയങ്ങൾ സിനഡിൽ ചർച്ചാ വിഷയമായി**



സീറോമലബാർസഭയുടെ 29മതു സിനഡിന്റെ രണ്ടാം സമ്മേളനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി മാർ ആൻറണി കരിയിൽ എന്നിവർ സമീപം.

## ആദരാഞ്ജലികൾ

കോവിഡ് രോഗം മൂലം മരണമടഞ്ഞ നാനാജാതിമതസ്ഥരായ സഹോദരങ്ങൾക്ക് സിനഡ് പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ അർപ്പിച്ചു. സീറോമലങ്കര സഭയുടെ ഗുഡ്ഗാവ് രൂപത അധ്യക്ഷനായിരുന്ന മാർ ജേക്കബ് ബാർണബാസ് പിതാവിന്റെ മരണത്തിൽ സിനഡ് പ്രത്യേകം പ്രാർത്ഥനാ ശുശ്രൂഷ നടത്തി അനുശോചനം അറിയിച്ചു. കോവിഡു ബാധിച്ചു മരിച്ച സാഗർ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ സേവനങ്ങളെ സിനഡ് കൃതജ്ഞതയോടെ അനുസ്മരിച്ചു.

കോവിഡ് മഹാമാരി നിയന്ത്രണാതീതമായി തുടരുന്നത് തികച്ചും ആശങ്കാജനകമാണെന്ന് സിനഡ് വിലയിരുത്തി. കോവിഡ് നിയന്ത്രണത്തിനും വാക്സിനേഷനും സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ എല്ലാ വ്യക്തികളും സ്ഥാപനങ്ങളും കൃത്യമായി പാലിക്കണമെന്നും സിനഡ് നിർദ്ദേശിച്ചു. കോവിഡുമൂലം ആരും ഒറ്റപ്പെട്ടുപോകുന്നില്ലെന്നും പട്ടിണി അനുഭവിക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ സഭയുടെ എല്ലാ സംവിധാനങ്ങളും ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു. രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈററികൾ ഇതിനായി ചെയ്യുന്ന സേവനങ്ങൾ അഭിനന്ദനീയമാണെന്നും സിനഡ് നിരീക്ഷിച്ചു.

## ആരാധനാക്രമം

വി. കുർബാനയുടെ അർപ്പണ രീതി ഏകീകരിക്കുവാനായി 1999ലെ സഭാ സിനഡ് എടുത്തതും തുടർന്നുള്ള സിനഡുകളിൽ ആവർത്തിച്ച് അംഗീകരിച്ചതുമായ തീരുമാനം താമസംവിനാ നടപ്പിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഫ്രാൻസീസ് മാർപാപ്പാ സീറോമലബാർ സഭയിലെ മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അൽമായർക്കുമായി എഴുതിയ കത്തിനെ സിനഡുപിതാക്കന്മാർ ഐക്യകണ്ഠേന സ്വീകരിച്ചു. സീറോമലബാർ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താൻ നടത്തിയ പൈതൃകമായ ഇടപെടലിനും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സഭയുടെ നാമത്തിൽ സിനഡ് മാർപാപ്പയ്ക്ക് കൃതജ്ഞത രേഖപ്പെടുത്തി. കഴിഞ്ഞ നാലുപതിറ്റാണ്ടായി ആരാധനാക്രമ നവീകരണവുമായി ബന്ധപ്പെട്ട് സഭയൊന്നാകെ നടത്തിയ പഠനത്തിനും പ്രാർത്ഥനയ്ക്കും ദൈവം തന്ന ഉത്തരമായാണ് പരിശുദ്ധ പിതാവിന്റെ കത്തിനെ സിനഡ് വിലയിരുത്തിയത്.

കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക എന്നതാണ് ഏകീകരിച്ച വി. കുർബാന അർപ്പണരീതി. പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതി അടുത്ത ആരാധനാക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി ഞായറാഴ്ച മുതൽ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചു.

ഏകീകരിച്ച വി. കുർബായർപ്പണരീതി രൂപത മുഴുവനും ഒരുമിച്ചു നടപ്പിലാക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന രൂപതകളിൽ മേൽപറഞ്ഞ തീരുമാനം അംഗീകരിച്ചുകൊണ്ട്, ആദ്യഘട്ടമായി കത്തീഡ്രൽ പള്ളികളിലും തീർത്ഥാടന കേന്ദ്രങ്ങളിലും സന്ന്യാസഭവനങ്ങളിലും മൈനർ സെമിനാരികളിലും സാധ്യമായ ഇടവകകളിലും 2021 നവംബർ 28നു തന്നെ ആരംഭിക്കണം. 2021 നവംബർ 28 മുതൽ സഭയിലെ എല്ലാ പിതാക്കൻമാരും ഏകീകരിച്ച ക്രമത്തിലുള്ള വി. കുർബാന അർപ്പിക്കുവാൻ തീരുമാനിച്ചു. ഏകീകരിച്ച ബലിയർപ്പണ രീതി ഫലപ്രദമായ ആരാധനക്രമ ബോധവത്ക്കരണത്തിലൂടെ 2022ലെ ഈസ്റ്റർ ഞായറാഴ്ചയോടെയെങ്കിലും (2022 ഏപ്രിൽ 17) രൂപത മുഴുവനിലും നടപ്പിലാക്കണം.

## ജനപ്രതിനിധികളുമായുള്ള ചർച്ച

കേരളത്തിലെ ക്രൈസ്തവസമൂഹം അഭിമുഖീകരിക്കുന്ന വിവിധ സാമൂഹിക പ്രതിസന്ധികളെക്കുറിച്ച് ഭരണ-പ്രതിപക്ഷ കക്ഷികളിലെ ഏതാനും ജനപ്രതിനിധികളുമായി സിനഡുപിതാക്കന്മാർ ചർച്ച നടത്തി. കർഷകർ അനുഭവിക്കുന്ന വിവേചനങ്ങളും കഷ്ടതകളും നിയമസഭയിലും പാർലമെന്റിലും ഉന്നയിച്ച് അനുകൂല തീരുമാനങ്ങൾക്കു വഴിയൊരുക്കാം എന്ന് ജനപ്രതിനിധികൾ ഉറപ്പു നൽകി. കർഷകരുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന വന്യമൃഗശല്യം, ബഫർസോണും പരിസ്ഥിതിലോല പ്രദേശങ്ങളും നിർണ്ണയിക്കുന്നതിലെ അശാസ്ത്രീയത, ദളിതു ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ, ജെ ബി കോശി കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കുട്ടനാട്ടിലെ കർഷകരും തീരദേശനിവാസികളും അനുഭവിക്കുന്ന പ്രതിസന്ധികൾ എന്നിവ ചർച്ചകൾക്കു വിഷയമായി. രാഷ്ട്രനിർമ്മാണത്തിനായുള്ള ക്രൈസ്തവരുടെ സംഭാവനകളെ അവഗണിക്കുന്ന സമീപനം ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതിലുള്ള ആശങ്ക സിനഡ് ജനപ്രതിനിധികളെ അറിയിച്ചു. സംവരണേതരവിഭാഗങ്ങൾക്കായുള്ള സാമ്പത്തിക സംവരണത്തിന്റെ പ്രയോജനം അർഹരായവർക്കു ലഭിക്കുന്നതിൽ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചും സ്വാശ്രയ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്ന നിയമ നിർമ്മാണങ്ങളെക്കുറിച്ചുമുള്ള ആശങ്കകളെക്കുറിച്ചും യോഗം ചർച്ചചെയ്തു.

## ഇതര വാർത്തകൾ

സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രം എന്ന പദവിയിലേക്ക് തലശ്ശേരി അതിരൂപതയിലെ പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയത്തെ ഉയർത്താൻ തീരുമാനിച്ചു. കുടിയേറ്റ ജനതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്ക് ഈ ദൈവാലയം നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് വിലയിരുത്തിയാണ് ഈ പദവി നൽകിയിരിക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തെയും പ്രതീകങ്ങളെയും നിരന്തരം അവഹേളിക്കുന്ന പ്രവണതകൾ കേരളത്തിന്റെ സാംസ്ക്കാരിക രംഗത്ത് പ്രത്യേകിച്ചും ചലചിത്രമേഖലയിൽ വർദ്ധിച്ചുവരുന്നത് തികച്ചും അപലപനീയമാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ സഭ എക്കാലവും ബഹുമാനിക്കുന്നു. അതോടൊപ്പം ഒരു ജനതയുടെ വിശ്വാസ പൈതൃകങ്ങളെ ആദരിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു.

ഡൽഹിയിലെ ഫരീദാബാദ് സീറോമലബാർ സഭയുടെ അന്ധേരി മോഡിലുള്ള ലിറ്റിൽ ഫ്ളവർ ദൈവാലയം ഇടിച്ചു നിരത്തിയ സംഭവം തികച്ചും ഖേദകരമാണെന്ന് സിനഡ് വിലയിരുത്തി. വിശുദ്ധ കുർബാനയും ആരാധനാ വസ്തുക്കളും മറ്റും ദൈവാലയത്തിൽ സൂക്ഷിച്ചിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത സംഭവം നടന്നത് എന്നതും ഏറെ ദുഃഖമുളവാക്കുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സിനഡ് ആവശ്യപ്പെട്ടു.

സീറോമലബാർ സഭയുടെ മാധ്യമ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വാർത്താപോർട്ടൽ (www.syromalabarvision.com) സിനഡിൽവച്ച് അഭിവന്ദ്യ മേജർ ആർച്ച്ബിഷപ് കാർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സഭാവാർത്തകൾ യഥാസമയം സംലഭ്യമാക്കാൻ ഈ സംരംഭം സഹായമാകുമെന്ന് സിനഡ് വിലയിരുത്തി.

സീറോമലബാർ വിഷൻ

എഡിറ്റോറിയൽ

## സഭയോടൊത്ത് ചിന്തിക്കുക

ഇടയനും അജഗണവും! കൂട്ടായ്മയെ ഓർമ്മപ്പെടുത്തുന്ന ചിന്തയാണിത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതനുസരിച്ച് സഭ എന്നാൽ ദൈവജനമാണ്. മാമോദീസാ സ്വീകരിച്ച എല്ലാവരും അടങ്ങുന്ന ദൈവജനം എന്ന സഭാ വിജ്ഞാനീയ ചിന്തയാണിത്. നേതൃത്വം നല്കുന്നവരും നേതൃത്വം സ്വീകരിക്കുന്നവരും അടങ്ങുന്ന ദൈവജനമെന്ന കൂട്ടായ്മയാണിത്.

മാമോദീസായിലൂടെ ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിൽ ദൈവജനം മുഴുവൻ പങ്കുചേരുന്നു. ക്രിസ്തു തന്റെ പരസ്യജീവിത കാലത്ത് നിർവ്വഹിച്ച എല്ലാ ശുശ്രൂഷകളും ഇന്ന് സഭയിൽ നിർവ്വഹിക്കാനായി പ്രത്യേകം തെരെഞ്ഞെടുക്കപ്പെട്ട് പരിശീലിപ്പിക്കപ്പെട്ടവർക്ക് നല്കപ്പെടുന്നതാണ് ശുശ്രൂഷാ പൗരോഹിത്യം. ഇടയൻ ആടുകളെ നല്ല മേച്ചിൽ പുറങ്ങളിലേക്ക് നയിക്കുമെന്ന സങ്കീർത്തകന്റെ പ്രതീക്ഷ തന്നെയാണ് ദൈവജനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സഭാ നേതൃത്വത്തിൽ നിന്നും ഏവരും പ്രതീക്ഷിക്കുന്നത്. അതൊരു വിശ്വാസമാണ്; വാഗ്ദാനവുമാണ്. ആടുകളുടെ മണമുള്ള ഇടയാനാവുക എന്നതും ഇതിനോട് ചേർന്നു പോകുന്ന ചിന്ത തന്നെയാണ്. അനശ്വരമായ ദൈവീക ജീവനിലേക്ക് ദൈവജനത്തെ കൈപിടിച്ചുയർത്താൻ സ്വജീവിതം സമർപ്പിച്ചവരാണ് അഭിഷിക്തരായ പുരോഹിതരും മെത്രാൻമാരും. പുരോഹിതരിലൂടെ ലഭ്യമാകുന്ന ശുശ്രൂഷകൾ ദൈവജനത്തിന്റെ അവകാശമാണ്. ഈ ശുശ്രൂഷകൾ സഭയുടെ നാമത്തിൽ ദൈവജനത്തിന് നല്കുവാനുള്ള ഉത്തരവാദിത്തം അഭിഷിക്തരിൽ നിക്ഷിപ്തവുമാണ്.

ഇടയന്റെ സ്വരം ശ്രവിക്കുന്ന ആടുകൾ എന്ന ചിന്തയും ഇവിടെ പ്രസ്താവ്യമാണ്. കൂട്ടായ്മയുടെ അനുഭവം സംലഭ്യമാക്കുന്നത് സ്വരം ശ്രവിക്കുന്ന ആടുകളുടെ സാന്നിധ്യമാണ്. ഈ കൂട്ടായ്മയിൽ അസ്വസ്ഥ കടന്നുവരുന്നത് തിരിച്ചറിയാൻ ദൈവജനത്തിന് കടമയുണ്ട്. ഇടയനടുത്ത ഉത്തരവാദിത്വം തിരിച്ചറിയാതെ പെരുമാറുന്നവരേയും, സ്വരം ശ്രവിക്കാൻ താത്പര്യം നഷ്ടമായ ആടുകളെയും നാം വിവേചിച്ചറിയേണ്ടതുണ്ട്. എല്ലാ കാലഘട്ടത്തിലും സഭയോടൊത്ത് ചിന്തിക്കുവാനും സഭയെ സ്നേഹിക്കുവാനും ദൈവജനത്തിനാകണം.

കോവിഡിന്റെ ഈ സത്യാനന്തരകാലത്ത് സോഷ്യൽ മീഡിയ പരിസരങ്ങൾ വളരെ പ്രത്യേകിച്ച്, സഭയുടെ കൂട്ടായ്മയെ അസ്വസ്ഥമാക്കുന്ന പരിപ്രേഷ്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. ചാനൽ ചർച്ചകൾ പലതു കഴിഞ്ഞാണല്ലോ പലപ്പോഴും ഇടയലേഖനങ്ങൾ ഇടവകപള്ളികളിൽ വായനക്കെത്തുന്നത്. വിവിധതരം അജണ്ടകളും അതിനു സാമ്പത്തിക പിന്തുണയെത്തിക്കുന്ന കമ്പോള ചിന്തകളും ഒരുക്കുന്ന വാല്യൂ സിസ്റ്റങ്ങളാണ് മാധ്യമങ്ങൾക്കുള്ളത്. പ്രേഷകർ എന്ത് ചിന്തിക്കണമെന്നും അത് എപ്പോൾ ചിന്തിക്കണമെന്നും മാധ്യമങ്ങൾ മസ്തിഷ്ക പ്രക്ഷാളനം നടത്തുന്ന കാലത്തിലാണ് നാം ജീവിക്കുന്നതെന്ന് തിരിച്ചറിയണം. ദൈവജനത്തിന്റെ പരിപാവനമായ വിശ്വാസമൂല്യങ്ങളെ, പ്രമുഖ മാധ്യമങ്ങളും സാമൂഹ്യ മാധ്യമങ്ങളും നല്കുന്ന ഇത്തരം ചിന്താപരിസരങ്ങളിൽ മാത്രം സ്വീകരിക്കേണ്ട സാഹചര്യങ്ങളെക്കുറിച്ച് വിശ്വാസികളായ നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങളിൽനിന്നും നാം സ്വീകരിക്കുന്ന ദൈവാനുഭവത്തെയും ധാർമ്മിക മൂല്യങ്ങളെയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണാനുള്ള വിശ്വാസിയുടെ അവസരങ്ങൾ കുറഞ്ഞുവരികയാണ്. മാധ്യമങ്ങൾ നിർമ്മിച്ചു നല്കുന്ന (agenda setting, priming & framing theories) ശൈലികളിൽ മാത്രം ദൈവത്തെയും ലോകത്തെയും ബന്ധങ്ങളെയും നോക്കികാണാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമാണിന്നുള്ളത്. ഇത്തരം സാഹചര്യത്തിലാണ് മതസൗഹാർദവും മാനവികതയും പറഞ്ഞ് സ്വസമുദായത്തിന്റെ നന്മകളെ ഇകഴ്ത്തി കാണിക്കുന്നവർക്കെതിരെ മാന്യമായി പ്രതികരിക്കാൻ പോലുമാകാതെ വരുന്നത്.

മതസൗഹാർദം നിലനിൽക്കട്ടെ എന്ന ഉദ്ദേശശുദ്ധിയെ മാനിക്കുമ്പോഴും, സമൂഹത്തിൽ സ്പർദ്ധ പരത്തുന്ന രീതിയിൽ ക്രിസ്തീയ വിശ്വാസത്തെ ഇകഴ്ത്തുന്ന സാഹചര്യങ്ങൾക്കെതിരെ മാന്യമായി പ്രതികരിക്കാനുള്ള സാധ്യതകൾ തള്ളികളയാനാവില്ല. സഹിഷ്ണത നഷ്ടപ്പെടാത്ത രീതിയിലുള്ള പ്രതികരണമാണ് അഭിലഷണീയം. ക്ഷമയില്ലാത്തതും അസഹിഷ്ണുത നിറഞ്ഞുനിൽക്കുന്നതുമായ പ്രതികരണങ്ങൾ ഒഴിവാക്കേണ്ടതാണ്. ക്രിസ്തു നിലകൊണ്ടതു മുഴുവൻ സഹിഷ്ണതയ്ക്കുവേണ്ടിയിട്ടാണ്. മാന്യമായി പ്രതികരിക്കുന്ന ക്രിസ്തുവിനെയാണ് നാം വി. ഗ്രന്ഥത്തിൽ കണ്ടുമുട്ടുന്നത്.

പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ട സഭയുടെ നൂറ്റാണ്ടുകളായുള്ള പ്രയാണത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ എക്കാലവുമുണ്ടായിരുന്നു. അത് പ്രകടിപ്പിക്കേണ്ട വിധം പ്രകടിപ്പിക്കാനുള്ള ആർജ്ജവത്വം സഭക്കെന്നുമുണ്ടായിട്ടുണ്ട്. ആത്യന്തികമായി സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി വ്യക്തി താത്പര്യങ്ങളെ മാറ്റിവച്ചുകൊണ്ട് വ്യത്യസ്ഥ അഭിപ്രായങ്ങളെ ഏകോപിപ്പിക്കുന്നതും നേതൃത്വത്തെ അനുസരിക്കുന്നതും സഭയുടെ പാരമ്പര്യമാണ്. പൊതു നന്മയെ സ്വീകരിക്കാനുള്ള വിധേയത്വമായിരിക്കട്ടെ എക്കാലത്തും സഭയുടെ മുഖമുദ്ര... മുഖചരായ!



ഫാ. അലക്സ് ഓണംപള്ളി
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ



Prot. No. 0922/2021

# Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy Qurbana



1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy Qurbana using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).

2. The Synod unanimously accepts the exhortation of the Holy Father Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy Qurbana in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy Qurbana from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: "the celebrant shall face the faithful at the Bema during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion" (Prot. N. 248/2004).

3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).

4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common _ norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy Qurbana in the uniform mode everywhere in the Syro-Malabar Church.

6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy Qurbana in the uniform mode.

7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.

8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).

9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

**Cardinal George Alencherry**
**Major Archbishop of the Syro-Malabar Church**

*Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.*

Prto. No. 0923/2021

# ഇടയലേഖനം

## സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

**"പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ".**

**- ഫ്രാൻസിസ് മാർപാപ്പ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃത രൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചു കൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാ അസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻ പ്രകാരം 2020 മെയ് 4-ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ച്ബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർ സഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർ സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*cum Perto te usb Perto*) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (CCEO, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (SC, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (SC, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. "അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്" (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (DV, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതു തന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, "കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ" വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകരണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christsu te altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ "കർത്താവിലേക്കു തിരിയുന്നതായി" (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാന സ്വീകരണം വരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. "അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല" എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനി

(ശേഷം 12 - ാം പേജിൽ)

# ജീവന്റെ സപ്ത സ്വരങ്ങളുമായി 'ജീവസമൃദ്ധി'

കൊച്ചി: കെസിബിസി പ്രോലൈഫ് സമിതിയും സീറോ മലബാർ സഭ പ്രോലൈഫ് അപ്പോസ്തലേറ്റും ചേർന്ന് മനുഷ്യജീവന്റെ വില ഉയർത്തിപിടിക്കുന്ന സംഗീത ആൽബം 'ജീവസമൃദ്ധി' പുറത്തിറക്കി. സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന് നൽകി ആൽബത്തിന്റെ പ്രകാശനം നിർവഹിച്ചു. കെസിബിസി പ്രോലൈഫ്



സമിതി ഡയറക്ടർ ഫാ. പോൾസൺ സിമേതി, പ്രസിഡന്റ് സാബു ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

ഭൂമിയിലേക്ക് പിറക്കാൻ അവസരം കാത്തും മറ്റുള്ളവരുടെ ദയ യാചിച്ചും അമ്മയുടെ ഉദരത്തിൽ കഴിയുന്ന മനുഷ്യജീവന്റെ വില ഉയർത്തിപിടിക്കുന്ന, ജീവന്റെ മഹത്വം ഉദ്ഘോഷിക്കുന്ന ഒരുപിടി ഗാനങ്ങളുടെ സമാഹാരമാണ് ജീവസമൃദ്ധി. ഭൂമിയിൽ ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് മാത്രമേ വിലയും അവകാശവുമുള്ളൂ എന്ന അബദ്ധ ധാരണകളെ സൗമ്യമായി തിരുത്തിയെഴുതി ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നവയാണ് ഇതിലെ ഗാനങ്ങൾ.

നിരവധി ക്രൈസ്തവ ഭക്തിഗാനങ്ങളിലൂടെ മലയാളികളെ കീഴടക്കിയ ദമ്പതികളായ എസ് തോമസും ലിസി സന്തോഷും രചനയും ഈണവും നിർവഹിച്ചിരിക്കുന്ന ആറു ഗാനങ്ങളാണ് ആൽബത്തിലുള്ളത്. കെസ്റ്റർ, രാജേഷ് എച്ച്, ശ്രുതി ബെന്നി, അർഷാ ഷാജി എന്നിവരാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്.

# വത്തിക്കാന്റെ ചരിത്ര തീരുമാനം; ഒളിമ്പിക് താരങ്ങൾക്കായി ബിഷപ് ഡെലഗേറ്റ്

റോം: ചരിത്രത്തിൽ ആദ്യമായി ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ആത്മീയ കാര്യങ്ങൾ നിർവഹിക്കാനും, അവരെ സഹായിക്കാനും ബിഷപ്പ് ഡെലഗേറ്റിനെ നിശ്ചയിക്കാൻ വത്തിക്കാൻ അനുവദിച്ചു. 2024 ൽ പാരീസിൽ നടക്കുന്ന ഒളിമ്പിക്സിൽ ഫ്രാൻസിലെ ലിയോൺസ് സഹായ മെത്രാനായ ബിഷപ് ഇമ്മാനുവൽ ഗോബില്ലാർഡിനെ ഇതിനായി നിയമിക്കും. പാരിസ് ഒളിമ്പിക്സിലേക്ക് മെത്രാനെ നിയമിക്കുന്നത് രാജ്യങ്ങൾ നമ്മിലുള്ള സാഹോദര്യം വളർത്താനും, ലോക സമാധാനത്തിനും വഴിയൊരുക്കുമെന്ന് വത്തിക്കാൻ പ്രതീക്ഷിക്കുന്നു.

കൊറോണയുടെ സാഹചര്യത്തിൽ വലിയ പ്രത്യാശയുടെ സന്ദേശമാണ് ടോക്കിയോ ഒളിമ്പിക്സ് നൽകിയതെന്ന് ഫ്രാൻസിസ് മാർപാപ്പയും പ്രതികരിച്ചിരുന്നു.

2018 ൽ റോമിൽ നടന്ന ആഗോള യുവജന സിനഡിനിടെ മെത്രാൻമാരും യുവജനങ്ങളും തമ്മിൽ ഫുട്ബോൾ മൽസരം സംഘടിപ്പിക്കാൻ നേതൃത്വം നൽകിയത് ബിഷപ് ഇമ്മാനുവൽ ആയിരുന്നു. പാരിസ് സഹായമെത്രാനായ ബിഷപ് ഫിലിപ്പ് മാർസെത്ത്, ആർച്ച്ബിഷപ് ലൂക്ക് റാവെൽ എന്നിവരും വിവിധ വിഭാഗങ്ങളിലായി ബിഷപ് ഇമ്മാനുവലിനൊപ്പം സഹായത്തിന് ഉണ്ടാകുമെന്ന് ഫ്രഞ്ച് മെത്രാൻസമിതി അറിയിച്ചു. ഫ്രഞ്ച് കത്തോലിക്ക പത്രം "ല ക്രോയ്സ്" ആണ് വിവരങ്ങൾ പുറത്ത് വിട്ടത്.




53 വയസുള്ള ബിഷപ് ഇമ്മാനുവേൽ ജൂഡോ, ഫുട്ബോൾ, ടെന്നീസ് എന്നിവയിൽ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. ഒരു മനുഷ്യനെ രൂപപെടുത്തുന്നതിൽ സ്പോർട്ട്സ്, വിശ്വാസം, ചുറ്റുപാടുകൾ എന്നിവക്കെല്ലാം അതിന്റേതായ പങ്കുണ്ടെന്നും, ഇതും ഒരു സുവിശേഷ വൽക്കരണം ആണെന്നും ബിഷപ് ഇമ്മാനുവേൽ പറഞ്ഞു. ഒളിമ്പിക്സ് മൽസരങ്ങൾ ആരംഭിക്കാൻ കാരണമായത് തന്നെ ഫ്രഞ്ച് ഡൊമിനിക്കൻ വൈദികനായ പിയെറെ ദെ കുബെർട്ടിൻ ആണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

# റവ. ഡോ. പോൾ പൂവത്തിങ്കൽ മലയാളം സർവകലാശാല അക്കാദമിക് കൗൺസിൽ അംഗം



തൃശൂർ: മലയാളം സർവകലാശാലയുടെ അക്കാദമി കൗൺസിൽ അംഗമായി റവ. ഡോ. പോൾ പൂവത്തിങ്കലിനെ നാമനിർദേശം ചെയ്തു. ഇതാദ്യമായാണ് ഒരു വൈദികൻ മലയാളം യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിൽ അംഗമാകുന്നത്. യൂണിവേഴ്സിറ്റിയുടെ ആർട്സ് ഫാക്കൽറ്റി മെമ്പറായിരുന്നു.



തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

Break the Chain

സംഗ്രഹം
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - അക്കാദമിക് കൗൺസിൽ പുനഃസംഘടന - അക്കാദമിക് കൗൺസിൽ യോഗം കോ-ഓപ്റ്റ് ചെയ്ത അംഗങ്ങളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ: 203/2015/വി.സി. തീയതി: തിരൂർ, 23-03-2021

പരാമർശം: (1) 31.12.2021 ലെ ഇതേ നമ്പർ ഉത്തരവ്
(2) 16.02.2021 ലെ പണ്ഡിതസഭയുടെ 24-ാമത് യോഗത്തിന്റെ 2021.10 ഇനം തീരുമാനം
(3) 17.02.2021 ലെ നിർവാഹകസമിതിയുടെ 48-ാമത് യോഗത്തിന്റെ 2021.08 ഇനം തീരുമാനം
(4) 19.03.2021 ലെ 1157/2021 എ.എ.ഒ. എന്ന ഉത്തരവ്

ഉത്തരവ്

പരാമർശം (1) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടതും ഔദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുള്ളതാണ്. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിയമത്തിലെ അദ്ധ്യായം III 16 (2) അനുസരിച്ച് വിവിധ കലാരൂപങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരും അത് അഭ്യസിക്കുന്നവരുമായ പത്തിൽ കുറയാതെയുള്ളവരെ അംഗങ്ങളായി അക്കാദമിക് കൗൺസിലിന് കോ-ഓപ്റ്റ് ചെയ്യാവുന്നതാണ്. പരാമർശം (2) പ്രകാരം, 16.02.2021 ന് ചേർന്ന അക്കാദമിക് കൗൺസിലിന്റെ 24-ാമത് യോഗം താഴെ പറയുന്ന അംഗങ്ങളെ കൂടി അക്കാദമിക് കൗൺസിലിലേക്ക് കോ-ഓപ്റ്റ് ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം, അക്കാദമിക് കൗൺസിലിന്റെ തീരുമാനത്തെ നിർവാഹകസമിതിയുടെ 48-ാമത് യോഗം 2021.08 ഇനമായി അംഗീകരിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം അക്കാദമിക് കൗൺസിലിന്റെ തീരുമാനം നടപ്പാക്കി ഉത്തരവായിട്ടുള്ളതാണ്.

അക്കാദമിക് കൗൺസിലിലേക്ക് കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾ

1. ഡോ. ഇ.കെ. ഗോവിന്ദവർമ രാജ
2. ശ്രീ പ്രഭാവർമ
3. ഡോ. എ.കെ. നമ്പ്യാർ
4. ഡോ. യു.എ. മോഹൻദാസ്
5. ഡോ. എൻ.പി. ചന്ദ്രശേഖരൻ
6. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
7. ശ്രീ സദനം ഹരികുമാർ
8. ഡോ. എം. കൃഷ്ണൻ നമ്പൂതിരി
9. ഫാദർ പോൾ പൂവത്തുങ്കൽ
10. ഡോ. ഖദീജാ മുംതാസ്

മുകളിൽ വിവരിച്ച അംഗങ്ങളെ അക്കാദമിക് കൗൺസിലിലേക്ക് കോ-ഓപ്റ്റ് ചെയ്തു അക്കാദമിക് കൗൺസിൽ വിപുലീകരിച്ച് നിർവാഹകസമിതിയുടെ തീരുമാനം നടപ്പാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

തൃശൂർ മൈലിപ്പാടത്തെ ചേതന സംഗീത നാട്യ അക്കാദമി ആൻഡ് ചേതന മ്യൂസിക് കോളജിന്റെ ഡയറക്ടർ കൂടിയാണ് റവ. ഡോ. പോൾ പൂവത്തിങ്കൽ. പ്രമുഖ സംഗീതജ്ഞനും വോക്കോളജിസ്റ്റുമായ ഇദ്ദേഹം പാടും പാതിരി എന്നും അറിയപ്പെടുന്നു.

പ്രഭാവർമ, ഖദീജ മുംതാസ് തുടങ്ങിയവരും തിരൂർ തുഞ്ചൻപറമ്പ് മലയാളം സർവകലാശാലയുടെ അക്കാദമിക് കൗൺസിൽ അംഗങ്ങളായി നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

# വിശ്വാസ വിരുദ്ധ ഗൂഢാലോചനകൾ അപകടകരം: മാർ ആൻഡ്രൂസ് താഴത്ത്

എറണാകുളം: അപകടകരമായ ഗൂഢാലോചനകളാണ് സമീപകാലത്ത് കത്തോലിക്ക സഭക്ക് നേരെ മാധ്യമങ്ങളിലൂടെ നടക്കുന്നതെന്നും സമൂഹം ഇതിൽ ജാഗ്രത പാലിക്കണമെന്നും തൃശൂർ അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മറ്റി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമങ്ങളിലൂടെ ചില കേന്ദ്രങ്ങൾ തങ്ങളുടെ രഹസ്യ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. സിനിമകളിലൂടെയും നവ സമൂഹ മാധ്യമങ്ങളിലൂടെയും ആസൂത്രിതമായി വിശ്വാസ വിരുദ്ധ പ്രചാരണങ്ങൾ നടത്തുന്നു. ചാനൽ ചർച്ചകളിൽ സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടർച്ചയായി ഏകപക്ഷീയമായി അവതരിപ്പിച്ച് നിക്ഷിപ്ത താല്പര്യങ്ങൾ അടിച്ചേല്പിക്കുന്നു. ഇത് പ്രതിഷേധാർഹമാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ വിശ്വാസത്തെ അവഹേളിക്കുന്ന ചിത്രീകരണങ്ങൾ സിനിമകളിലൂടെ അവതരിപ്പിക്കുന്നത് ഒരു സമൂഹത്തെ വ്രണപ്പെടുത്തുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. സോഷ്യൽ മീഡിയ ഉൾപ്പെടെ നവ മാധ്യമങ്ങളിലൂടെ സംഘടിതമായി ചില വ്യക്തികൾ വ്യാജ മേൽ വിലാസത്തിൽ പോലും സഭയുടെ പ്രവർത്തനങ്ങളെ അവഹേളിക്കുന്നതും ഗൂഢാലോചനകളുടെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.

ബിഷപ് ലെഗേറ്റ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ മുഖ്യ പ്രഭാഷണം നടത്തി. ന്യൂനപക്ഷ അവകാശങ്ങൾ അർഹമായ രീതിയിൽ ക്രൈസ്തവ സമുദായത്തിന് ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ ആവശ്യപ്പെട്ടു. ആരുടേയും അവകാശങ്ങൾ ഹനിക്കാതെ, സമുദായത്തിന് അർഹമായത് ലഭ്യമാക്കണം. ഇതിൽ ആരും അസ്വസ്ഥതപ്പെടേണ്ട കാര്യമില്ലെന്നും മാർ ഇഞ്ചനാനിയിൽ പറഞ്ഞു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. ഈശോ എന്ന പേരിൽ സിനിമ നിർമ്മിച്ച് പോസ്റ്ററുകളിലൂടെ നടത്തുന്ന ചിത്രീകരണങ്ങൾ തെറ്റായ സന്ദേശം നൽകുന്നുവെന്നും അഡ്വ. ബിജു പറയന്നിലം പറഞ്ഞു. ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഇത്തരം നടപടികൾ അവസാനിപ്പിക്കണമെന്നും ബിജു പറയന്നിലം ആവശ്യപ്പെട്ടു.

കത്തോലിക്ക കോൺഗ്രസ് ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ കർമ്മ പദ്ധതികൾ അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ജിയോ കടവി, ട്രഷറർ ഡോ. ജോബി കാക്ക



ശ്ശേരി, ഫാ. വർഗീസ് കുത്തൂർ, വൈസ് പ്രസിഡന്റ് ഡോ. ജോസ്കുട്ടി ഒഴുകയിൽ, അഡ്വ. പി ടി ചാക്കോ, ടെസ്സി ബിജു, രാജേഷ് ജോൺ, സെക്രട്ടറി ബെന്നി ആന്റണി എന്നിവർ പാനൽ ചർച്ചക്ക് നേതൃത്വം നൽകി.

റിൻസൻ മണവാളൻ, തോമസ് പീടികയിൽ, ജോയി ഇലവത്തിങ്കൽ, മാത്യു കല്ലടിക്കോട്, ബേബി നെട്ടനാനി, വർഗീസ് ആന്റണി, ബേബി പെരുമാലിൽ, ചാർളി മാത്യു, വർക്കി നിരപ്പേൽ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, അഡ്വ. ബിജു കുണ്ടുകുളം എന്നിവർ പ്രസംഗിച്ചു. വർക്കിംഗ് കമ്മറ്റിക്ക് മുന്നോടിയായി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ യോഗം ചേർന്നു.

# കർത്താവിങ്കലേക്ക് തിരിയാം

## ബലിയർപ്പണത്തെക്കുറിച്ചു അറിഞ്ഞിരിക്കേണ്ടവ...!



**സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള വിശ്വാസികൾക്ക് പരിശുദ്ധ കുർബാനയുടെ നവീകരിക്കപ്പെട്ട ക്രമത്തെക്കുറിച്ചുള്ള ചില സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ലിറ്റർജി കമ്മീഷന്റെ ചെയർമാനും കല്യാൺ രൂപതയുടെ ബിഷപ്പുമായ**

**മാർ തോമസ് ഇലവനാൽ**

**പിതാവുമായി നടത്തിയ അഭിമുഖത്തിൽ നിന്നും...**

### ? നവീകരിക്കപ്പെട്ട കുർബാനക്രമത്തെകുറിച്ച് പിതാവ് പൊതുവായിട്ട് എന്താണ് പറയുന്നത്?

1989-ൽ റോമിൽ നിന്ന് അംഗീകരിച്ചു നൽകിയ കുർബാന തക്സയാണ് വർഷങ്ങൾക്കുശേഷം ഇപ്പോൾ വീണ്ടും നവീകരിച്ച് പ്രസിദ്ധീകരിക്കുന്നത്. നവീകരിക്കുന്നതിനായി എല്ലാ രൂപതകളുടേയും പ്രതിനിധികളടങ്ങിയ Central Liturgical Committeeയിലും മെത്രാന്മാരുടെ സിനഡിലും ചർച്ചകൾ നടത്തി വേണ്ട ഭേദഗതികൾ വരുത്തി സിനഡിന്റെ പൊതുവായ അംഗീകാരത്തോടെ കുർബാന തക്സ റോമിലേക്കയച്ചു. നവീകരിച്ച റാസ തക്സക്ക് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി.

### ? "Uniform mode of Celebration of Holy Qurbana" എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

1999-ൽ സിനഡ് പിതാക്കന്മാർ, കുർബാനാർപ്പണരീതിയിൽ ഐക്യം ഉണ്ടാകണമെന്നാഗ്രഹിച്ച്, ഒരു തീരുമാനമെടുത്തു. വചനശുശ്രൂഷാഭാഗം ജനാഭിമുഖമായും അർപ്പണശുശ്രൂഷ, അഥവാ കൂദാശാഭാഗം, അൾത്താരാഭിമുഖമായും, വി. കുർബാനാസ്വീകരണത്തിനുശേഷം വീണ്ടും ജനാഭിമുഖമായും കുർബാന അർപ്പിക്കണമെന്നാണ് തീരുമാനിച്ചത്. ഇതാണ് uniform mode of celebration of the Holy Qurbana എന്നതുകൊണ്ടർത്ഥമാക്കുന്നത്. എന്നാൽ എല്ലാ രൂപതകളിലും ആ തീരുമാനം നടപ്പിലാക്കപ്പെട്ടില്ല. ഇപ്പോൾ നവീകരിച്ച കുർബാനക്രമം പ്രാബല്യത്തിൽ വരുന്നതോടെ സീറോമലബാർ സഭയിൽ കൂടുതൽ ഐക്യം ഉളവാകാനുള്ള ഒരു സുവർണ്ണാവസരം നമുക്ക് കൈവന്നിരിക്കുകയാണ്. 1999 ലെ തീരുമാനമനുസരിച്ച് വി. കുർബാന അർപ്പിക്കണമെന്ന് പരിശുദ്ധ പിതാവുതന്നെ നമ്മോടാവശ്യപ്പെട്ടിരിക്കുകയാണല്ലോ. പരിശുദ്ധ പിതാവ് പറയുന്നതിപ്രകാരമാണ്. "I exhort all the clergy, religious and lay faithful to proceed to a prompt implementation of the uniform mode of celebration of the Holy Qurbana". സിനഡംഗീകരിച്ച uniform mode of celebration ഉടനെ നടപ്പാക്കണമെന്നാണ് പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നത്. ഇതിന്റെ ഫലമായി, ഏറെനാളായി ദൈവജനം മുഴുവൻ ആഗ്രഹിക്കുന്ന ഐക്യം സംജാതമാകുമെന്നാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്; അത് സംജാതമാകട്ടെ.

### ? കുർബാനയുടെ രണ്ടാം ഭാഗം അൾത്താരാഭിമുഖമായി അർപ്പിക്കുന്നതിന്റെ ദൈവശാസ്ത്രപരമായ കാരണങ്ങൾ എന്തൊക്കെയാണ്?

സിനഡിന്റെ തീരുമാനമനുസരിച്ച്, കുർബാനയുടെ ആദ്യഭാഗമായ വചനശുശ്രൂഷ ജനാഭിമുഖമായി, ബേമ്മ അഥവാ വചനവേദിയിലാണ് നടത്തപ്പെടുന്നത്. വചനശുശ്രൂഷയിൽ പ്രധാനമായും കർത്താവിന്റെ പരസ്യജീവിതമാണല്ലൊ നമ്മൾ അനുസ്മരിക്കുന്നത്. അതുകൊണ്ടാണ് വചനശുശ്രൂഷ ജനാഭിമുഖമായി അഥവാ ജനങ്ങളുടെ മദ്ധ്യേ നടത്തപ്പെടുന്നത്.

ഈ വചനശുശ്രൂഷ, കൂദാശാഭാഗം ആരംഭിക്കുന്നതിനു മുമ്പുള്ള ആത്മീയ ഒരുക്കമായും മനസ്സിലാക്കാം. 'കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസാക്ഷിയോടും കൂടെ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കാനുള്ള' കൃപ യാചിച്ചുകൊണ്ട് മൂന്നുപ്രാവശ്യം കുമ്പിട്ടാചാരം ചെയ്തശേഷമാണ് കാർമ്മികൻ ബലിപീഠത്തെ സമീപിക്കുന്നത്. കൂദാശാഭാഗത്ത് കാർമ്മികനും സമൂഹത്തോടൊപ്പം കർത്താവിന്റെ പക്കലേക്ക് തിരിയുന്നു. ആദിമനൂറ്റാണ്ടു തുടങ്ങി, സഭാപാരമ്പര്യമനുസരിച്ച്, കിഴക്കോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കുന്ന പതിവാണുണ്ടായിരുന്നത്. കിഴക്കിന്റെ പ്രാധാന്യത്തെക്കുറിച്ച് ബൈബിളിൽ ധാരാളം സൂചനകൾ കാണാം. കർത്താവിന്റെ മഹത്വപൂർണ്ണമായ ആഗമനം കിഴക്കുനിന്നാണെന്ന് വിശ്വസിച്ചിരുന്നു. 'കിഴക്കുനിന്ന് പടിഞ്ഞാറോട്ടു പായുന്ന മിന്നൽപിണർ പോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം' എന്ന് വി. മത്തായിയുടെ സുവിശേഷം 24:27 ൽ നമ്മൾ വായിക്കുന്നു.

3-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട *'Didascalia Apostolorum'* എന്ന ഗ്രന്ഥത്തിൽ കിഴക്കോട്ടു തിരിഞ്ഞ് പ്രാർഥിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. കിഴക്കോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കുന്ന പാരമ്പര്യം ശ്ലീഹന്മാരിൽനിന്ന് ലഭിച്ചതാണ് എന്നാണ് വി. ജോൺ ഡമഷീൻ പ്രസ്താവിക്കുന്നത്. കിഴക്കോട്ട് തിരിയുക എന്നാൽ കർത്താവിങ്കലേക്ക് തിരിയുക എന്നാണർത്ഥം. കിഴക്കോട്ടു തിരിഞ്ഞു കാർമികനും സമൂഹവും പ്രാർത്ഥിക്കുന്നവിധത്തിലാണ് പിന്നീട് ദൈവാലയങ്ങൾ പണിയപ്പെട്ടത്. രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ പാശ്ചാത്യ സഭയിലും പൗരസ്ത്യസഭകളിലും കാർമികനും സമൂഹവും അൾത്താരയിലേക്ക് തിരിഞ്ഞ് ബലിയർപ്പിക്കുന്ന പതിവാണുണ്ടായിരുന്നത്. Benedict പതിനാറാമൻ മാർപാപ്പ 'The Spirit of the Liturgy' 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിൽ പഠിപ്പിക്കുന്നുണ്ട്, കാർമ്മികൻ ദൈവജനത്തിന്റെ പ്രതിനിധിയെന്ന നിലയിൽ സമൂഹത്തോടൊപ്പം കർത്താവിങ്കലേക്ക് തിരിഞ്ഞാണ് ബലി അർപ്പിക്കേണ്ടതെന്ന്. എന്നാൽ സമാധാനം ആശംസിക്കുമ്പോഴും സമൂഹത്തിന്റെ പ്രാർത്ഥന യാചിക്കുമ്പോഴും കാർമികൻ സമൂഹത്തിന്റെ പക്കലേക്ക് തിരിയുന്നുണ്ട്.

പന്ത്രണ്ടാം പീയൂസ് മാർപാപ്പ ലിറ്റർജിക്ക് നൽകിയിരിക്കുന്ന നിർവചനം ഇപ്രകാരമാണ്: 'ക്രിസ്തുവിന്റെ മൗതികശരീരമായ സഭ, ശിരസ്സായ ക്രിസ്തുവിനോടു ചേർന്ന് പിതാവായ ദൈവത്തിനർപ്പിക്കുന്ന ആരാധനയാണ് ലിറ്റർജി'. അതുകൊണ്ട് സഭയുടെ പ്രതിനിധിയായി നിൽക്കുന്ന കാർമ്മികനും സമൂഹത്തോടൊപ്പം കർത്താവിന്റെ പക്കലേക്ക് തിരിഞ്ഞാണ് ഈ ആരാധന നടത്തേണ്ടത് അഥവാ ബലി അർപ്പിക്കേണ്ടത്.

അതുപോലെ, സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന തീർത്ഥാടക സമൂഹമാണല്ലോ തിരുസഭ. സ്വർഗ്ഗത്തിന്റെ പ്രതീകമാണ് മദ്ബഹ അഥവാ Sanctuary. കാർമ്മികനും സമൂഹവും അൾത്താരയിലേക്ക് തിരിഞ്ഞു നിൽക്കുന്നത് ഈ സ്വർഗ്ഗോന്മുഖത കൂടുതൽ വ്യക്തമാക്കാൻ ഏറെ സഹായിക്കുന്നു. കൂടാതെ, നമ്മുടെ കുർബാന സ്വർഗ്ഗീയാരാധനയിലുള്ള നമ്മുടെ പങ്കാളിത്തമാണ്. സ്വർഗ്ഗീയഗണങ്ങളോടൊപ്പമാണ് നമ്മൾ ദൈവാരാധനയിൽ പങ്കുകാരാകുന്നത്. "ഈ സ്വർഗ്ഗീയഗണങ്ങളോടുകൂടെ ഞങ്ങളുങ്ങേക്ക് കൃതജ്ഞതയർപ്പിക്കുന്നു" എന്നാണല്ലോ കുർബാനയിൽ മൂന്നാം പ്രണാമജപത്തിൽ ചൊല്ലുന്നത്. കാർമ്മികനും സമൂഹവും സ്വർഗ്ഗത്തിലേക്കു നോക്കി, അൾത്താരയിലേക്കു നോക്കി ബലിയർപ്പിക്കുമ്പോഴാണ് ഈ സ്വർഗ്ഗീയാനുഭവം നമുക്ക് ലഭിക്കുന്നത്. വചനശുശ്രൂഷയിൽ കാർമ്മികനാണ് ശ്രദ്ധാകേന്ദ്രമായി കാണപ്പെടുന്നത്. എന്നാൽ അർപ്പണശുശ്രൂഷയിൽ കാർമ്മികന്റെ കരങ്ങളിലൂടെ പൂർത്തിയാക്കപ്പെടുന്ന കർത്താവിന്റെ സമർപ്പണമാണ് കേന്ദ്രമായിരിക്കുന്നത്. ഇങ്ങനെ, ദൈവശാ

(ശേഷം 6 – ാം പേജിൽ)




> **കർത്താവും ശിഷ്യന്മാരും, ഒരേ ദിശയിലേക്കു തിരിഞ്ഞ് സ്വർഗ്ഗീയ ജറുസലേമിലേക്ക്, അഥവ പിതാവിന്റെ പക്കലേക്ക് തിരിഞ്ഞാണ്, ദൈവസ്തുതികളർപ്പിക്കുകയും പുതിയ പെസഹാ ആചരിക്കയും ചെയ്തത്. കർത്താവിന്റെ കുരിശിലെ ബലിയെക്കുറിച്ചും ചിലപ്പോൾ പരാമർശിച്ച് കേൾക്കാറുണ്ട്. കുരിശിലെ ബലിയിൽ കർത്താവ് തന്നെത്തന്നെ പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു. അൾത്താരയിലെ ബലിയിൽ കർത്താവിന്റെ ബലി, കർത്താവിനോടു ചേർന്ന്, സഭ പിതാവിനർപ്പിക്കുന്നു. അതുകൊണ്ടുതന്നെ കാർമ്മികനും ആരാധനാസമൂഹവും പിതാവിന്റെ പക്കലേക്ക് തിരിഞ്ഞാണ് ബലിയർപ്പിക്കുന്നത്.**

# സീറോമലങ്കര ഗുഡ്ഗാവ് ഭദ്രാസനാധിപൻ ബിഷപ് ജേക്കബ് മാർ ബാർണബാസ് കാലം ചെയ്തു

ഡൽഹി: സീറോമലങ്കര സഭ ഗുഡ്ഗാവ് ഭദ്രാസനാധിപൻ ജേക്കബ് മാർ ബാർണബാസ് കാലം ചെയ്തു. 60 വയസ്സായിരുന്നു. ആഗസ്റ്റ് 26 വ്യാഴാഴ്ച ഉച്ചയ്ക്ക് 12.50–നായിരുന്നു അന്ത്യം. 2015 മുതൽ ഗുഡ്ഗാവ് ഭദ്രാസന അധിപനായി സേവനം ചെയ്തു വരികയായിരുന്നു. കോവിഡ് ബാധിതനായ ശേഷം ഡൽഹിയിലെ ഫോർട്ടിസ് ആശുപത്രിയിൽ മൂന്ന് മാസത്തിലധികമായി ചികിത്സയിലായിരുന്നു. ദീർഘനാളായി വെന്റിലേറ്ററിൽ തുടരുകയായിരുന്നു. ആരോഗ്യനിലയിൽ ഇടയ്ക്ക് നേരിയ പുരോഗതി ഉണ്ടായെങ്കിലും പിന്നീട് സ്ഥിതി വീണ്ടും മോശമായി.

2007 മാർച്ച് 22ന് സഭയുടെ ബാഹ്യകേരള ബിഷപ്പായി നിയമിതനായ അദ്ദേഹം 2015–ലാണ് ഡൽഹി ഗുഡ്ഗാവ് ഭദ്രാസനാധിപനായി ചുമതലയേറ്റത്. വൈദികൻ ആയിരിക്കെ ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ, പൂനെ ബഥനി ആശ്രമം സുപ്പീരിയർ, ബഥനി വിജ്ഞാപീഠം റെക്ടർ, ജനദീപ് വിദ്യാപീഠം പ്രഫസർ, വിവിധ സെമിനാരികളിൽ വിസിറ്റിംഗ് പ്രഫസർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പ്രതിരൂപമായിരുന്ന പിതാവ് ആയിരക്കണക്കിന് അഗതികൾക്ക് ആലംബമായിരുന്നു. ബിഷപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റി കൊറോണക്കാലത്ത് ഡൽഹിയിലെ തെരുവോരങ്ങളിലെ പതിനായിരക്കണക്കിന് മനുഷ്യർക്ക് ഭക്ഷണം നൽകിയിരുന്നു. 'എന്റെ മക്കൾ വിശന്നു കരയുമ്പോൾ എനിക്ക് ഭക്ഷണം ഇറങ്ങില്ല' എന്നു പറഞ്ഞ കരുതലിന്റെ പിതാവായിരുന്നു അദ്ദേഹം. തെരുവിൽ കഴിയുന്നവർക്ക് ദിവസവും ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയും 2010 മുതൽ ഡോ. ജേക്കബ് മാർ ബാർണബാസിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

പത്തനംതിട്ട റാന്നി കരിങ്കുളത്ത് ഗീവർഗീസ് – റേച്ചൽ ദമ്പതികളുടെ എട്ടുമക്കളിൽ മൂത്തമകനായി 1960 ഡിസംബർ മൂന്നിനാണ് ബിഷപ് ജേക്കബ് മാർ ബാർണബാസ് ജനിച്ചത്. 1986 ഒക്ടോബർ രണ്ടിന് ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. വൈദികനായ ശേഷം റോമിൽ ഉന്നത പഠനം പൂർത്തിയാക്കി.

### സീറോമലബാർ സഭയ്ക്കു വേണ്ടി അനുശോചനം അറിയിച്ച് മാർ കുര്യാക്കോസ് ഭരണികുളങ്ങര

ഡൽഹി: കാലം ചെയ്ത സീറോമലങ്കര ബിഷപ് ജേക്കബ് മാർ ബാർണബാസിന് സീറോമലബാർ സഭയുടെ അന്ത്യാഞ്ജലി. ഫരീദാബാദ് രൂപത ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവാണ് സഭയ്ക്കു വേണ്ടി അനുശോചനം അറിയിച്ചത്. മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നിർദ്ദേശപ്രകാരം ഭരണികുളങ്ങര പിതാവ് നേരിട്ടെത്തി സഭയുടെ അനുശോചനം അറിയിക്കുകയായിരുന്നു. സീറോമലബാർ മെത്രാൻ സിനഡ് നടക്കുന്നതിനാൽ സഭാ പിതാക്കൻമാർക്ക് കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല.

(5 – ാം പേജിൽ നിന്നും തുടർച്ച)

# കർത്താവിങ്കലേക്ക് തിരിയാം

സ്ത്രപരമായ പല കാരണങ്ങളാലാണ് അർപ്പണശുശ്രൂഷ കർത്താവിന്റെ പക്കലേക്ക് തിരിഞ്ഞ് പരികർമ്മം ചെയ്യണം എന്ന് സഭ പഠിപ്പിക്കുന്നത്.

**? കർത്താവ് അന്ത്യത്താഴവേളയിൽ വി. കുർബാന സ്ഥാപിച്ചപ്പോൾ ശിഷ്യന്മാരുടെ പക്കലേക്ക് തിരിഞ്ഞാണ് നിന്നിരുന്നതെന്നും, അപ്രകാരമല്ലേ ബലിയർപ്പിക്കേണ്ടത് എന്നും ചിലർ ചോദിക്കുന്നുണ്ട്?**

ഇതു മനസ്സിലാക്കാൻ പഴയനിയമ യഹൂദപാരമ്പര്യം നമ്മൾ ഓർക്കണം. യഹൂദപാരമ്പര്യമനുസരിച്ച് അവർ ജറുസലേമിലേക്കു നോക്കി, ദൈവസാന്നിദ്ധ്യമുള്ളിടത്തേക്ക് നോക്കി, പ്രാർത്ഥിക്കുന്ന പതിവാണുണ്ടായിരുന്നത്. ദാനിയേലിന്റെ പുസ്തകം 6–ാം അദ്ധ്യായം 10–ാം വാക്യത്തിൽ, ദാനിയേൽ, ഭവനത്തിൽ – ജറുസലേമിലേക്കു തുറന്നു കിടന്ന ജനാലയുടെ പക്കൽ ചെന്ന് ജറുസലേമിനെ നോക്കി പ്രാർത്ഥിക്കുന്നു എന്ന് കാണാം.

പെസഹാ ആചാരണവേളയിലും കുടുംബനാഥനും കുടുംബാംഗങ്ങളും ഒരേ ദിശയിലേക്ക്, ജറുസലേമിലേക്കു നോക്കിയാണ് പെസഹാ ആചരിച്ചിരുന്നത്.

അതുപോലെ, കർത്താവും ശിഷ്യന്മാരും, ഒരേ ദിശയിലേക്കു തിരിഞ്ഞ് സ്വർഗ്ഗീയ ജറുസലേമിലേക്ക്, അഥവ പിതാവിന്റെ പക്കലേക്ക് തിരിഞ്ഞാണ്, ദൈവസ്തുതികളർപ്പിക്കുകയും പുതിയ പെസഹാ ആചരിക്കയും ചെയ്തത്. കർത്താവിന്റെ കുരിശിലെ ബലിയെക്കുറിച്ചും ചിലപ്പോൾ പരാമർശിച്ച് കേൾക്കാറുണ്ട്. കുരിശിലെ ബലിയിൽ കർത്താവ് തന്നെത്തന്നെ പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു. അൾത്താരയിലെ ബലിയിൽ കർത്താവിന്റെ ബലി, കർത്താവിനോടു ചേർന്ന്, സഭ പിതാവിനർപ്പിക്കുന്നു. അതുകൊണ്ടുതന്നെ കാർമ്മികനും ആരാധനാസമൂഹവും പിതാവിന്റെ പക്കലേക്ക് തിരിഞ്ഞാണ് ബലിയർപ്പിക്കുന്നത്.

**? സഭയിൽ ഐക്യത്തിന് ഐകരൂപ്യം വേണ്ട എന്ന് പറയാറുണ്ടല്ലോ? നമ്മുടെ സഭയിൽ ബലിയർപ്പണം പലവിധത്തിൽ ആകാമോ?**

ദൈവാരാധനയെ സംബന്ധിച്ച് സഭയിൽ ഐക്യം മതി ഐകരൂപ്യം വേണ്ട, (unity &. uniformity) എന്നു പറയുന്നവരുണ്ട്. പക്ഷെ, വിശ്വാസവും വിശ്വാസത്തിന്റെ ആഘോഷമായ ബലിയർപ്പണവും സംബന്ധിച്ച് അടിസ്ഥാനകാര്യങ്ങളിൽ ഐകരൂപ്യത്തിലൂടെ മാത്രമേ ഐക്യത്തിന് സാക്ഷ്യം നല്കാൻ സാധിക്കുകയുള്ളൂ. ഓരോ വ്യക്തിസഭയ്ക്കും ദൈവശാസ്ത്രം, ദൈവാരാധന, ആദ്ധ്യാത്മികത, നിയമസംഹിത എന്നിവയിൽ അതിന്റേതായ തനതാത്മകത ഉണ്ടായിരിക്കണം. ഈ തനതാത്മകത സവിശേഷമായി പ്രകടമാക്കപ്പെടുന്നത് ഓരോ സഭയുടെയും തനതായ ദൈവശാസ്ത്രത്തിലധിഷ്ഠിതമായ ഐക്യരൂപത്തിലുള്ള ആരാധനക്രമത്തിലൂടെയാണ്. അതുകൊണ്ടുതന്നെ പൗരസ്ത്യ കാനൻ നിയമം 150–ാം നമ്പറിൽ പറയുന്നുണ്ട്, ലിറ്റർജിയെ സംബന്ധിച്ചുള്ള സിനഡ് തീരുമാനങ്ങൾ ലോകത്തെല്ലായിടത്തുമുള്ള സഭാംഗങ്ങൾ കൃത്യമായും വിശ്വസ്തമായും പാലിക്കാൻ കടപ്പെട്ടവരാണെന്ന്.

വി. കുർബാന ഐക്യത്തിന്റെ കൂദാശയാണ്. വി. കുർബാനയുടെ ആഘോഷത്തിലുള്ള ഐക്യമാണ് സഭയുടെ ഐക്യത്തിന്റെ സാക്ഷ്യമായി നിലകൊള്ളുന്നത്. അതുകൊണ്ടാണ് ബലിയർപ്പണത്തെക്കുറിച്ച് uniform mode of celebration നിലൂടെ നമ്മുടെ സഭയിൽ ഐക്യം ഉളവാക്കണമെന്ന് പരിശുദ്ധ പിതാവും നമ്മോടാവശ്യപ്പെടുന്നത്.

പരിശുദ്ധ പിതാവ് ഇപ്രകാരം പറയുന്നു: "I exhort all to proceed to a prompt implementation of the uniform mode of celebrating the Holy Qurbana for greater good and unity of your church". Uniform mode of celebration is the means of fostering unity in the Church എന്നാണ് മാർപാപ്പ വ്യക്തമായി പറയുന്നത്. അതാണ് നമ്മൾ പാലിക്കേണ്ടത്.

**? ആരാധനക്രമത്തെ സംബന്ധിച്ചും ബലിയർപ്പണ രീതിയെകുറിച്ചും ആരാണ് അന്തിമമായ തീരുമാനം എടുക്കുന്നത്? ആ തീരുമാനം എല്ലാവർക്കും ബാധകമാണോ?**

ഒരോ വ്യക്തിസഭയിലും സഭയുടെ തനതായ ദൈവശാസ്ത്രത്തിലൂന്നിയ ദൈവാരാധനക്രമത്തിന് രൂപം കൊടുക്കുകയും നവീകരിക്കയും ചെയ്യാനുള്ള ഉത്തരവാദിത്തം ആ സഭയിലെ മെത്രാന്മാരുടെ സിനഡിനാണ്. സിനഡ് അംഗീകരിച്ച liturgical text ന് പരിശുദ്ധ സിംഹാസനമാണ് അംഗീകാരം നൽകുന്നത്. ഇപ്പോഴത്തെ കുർബാനക്രമത്തെ സംബന്ധിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടൊപ്പം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പതന്നെ വി. കുർബാനയുടെ അർപ്പണത്തെക്കുറിച്ച് കൃത്യമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതനുസരിക്കാൻ നാമെല്ലാവരും കടപ്പെട്ടവരാണ്.

> " വിശ്വാസവും വിശ്വാസത്തിന്റെ ആഘോഷമായ ബലിയർപ്പണവും സംബന്ധിച്ച് അടിസ്ഥാനകാര്യങ്ങളിൽ ഐകരൂപ്യത്തിലൂടെ മാത്രമേ ഐക്യത്തിന് സാക്ഷ്യം നല്കാൻ സാധിക്കുകയുള്ളൂ. ഓരോ വ്യക്തിസഭയ്ക്കും ദൈവശാസ്ത്രം, ദൈവാരാധന, ആദ്ധ്യാത്മികത, നിയമസംഹിത എന്നിവയിൽ അതിന്റേതായ തനതാത്മകത ഉണ്ടായിരിക്കണം. ഈ തനതാത്മകത സവിശേഷമായി പ്രകടമാക്കപ്പെടുന്നത് ഓരോ സഭയുടെയും തനതായ ദൈവശാസ്ത്രത്തിലധിഷ്ഠിതമായ ഐക്യരൂപത്തിലുള്ള ആരാധനക്രമത്തിലൂടെയാണ്.

മാർപാപ്പയാണ് കത്തോലിക്കാവിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം പരമാധികാരി. അതുകൊണ്ട്, മാർപ്പാപ്പ പറയുന്നത് അനുസരിക്കാൻ ഓരോ കത്തോലിക്കനും കടമയുണ്ട്. അനുസരിക്കാത്തപക്ഷം മാർപാപ്പയെ സഭയുടെ പിതാവും തലവനുമായി അംഗീകരിക്കുന്നു എന്നു പറയുവാൻ സാധിക്കുകയില്ല. അപ്പോൾ ഒരാൾക്ക് കത്തോലിക്കാസഭയുടെ അംഗമാണെന്നവകാശപ്പെടാനും സാധിക്കയില്ല.

അതുകൊണ്ട്, വി. കുർബാനയുടെ ആഘോഷത്തെ സംബന്ധിച്ച്, മാർപാപ്പ നൽകിയ നിർദ്ദേശം എല്ലാവരും പാലിക്കണം എന്നതിൽ സംശയമില്ല. അങ്ങനെ നമ്മുടെ സഭയിൽ ദൈവം ആഗ്രഹിക്കുന്ന, സഭയാഗ്രഹിക്കുന്ന ഐക്യം സംജാതമാകട്ടെ, അതിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മുടെ സഭയെ അനുഗ്രഹിക്കട്ടെ.

JAGDALPUR
EPARCHY

# Salute for the Real Heroes: Doctor's Day at MPM Hospital

Jagadalpur: MPM Hospital felicitated their Doctors, Sisters & the nursing staff on July 1, The National Doctor's Day by providing a memento and a certificate of appreciation for their outstanding dedication and service to the patients who came to the hospital.

The chairman of the society Bishop Mar Joseph Kollampramabil said in his speech that "During the Covid outbreak, the medical doctors and staff worked 24x7, risking their lives as well as their family's lives, trying to make an attempt to save several lives. Instead of thinking about themselves, they have put the nation first and chose to save India." for their valuable support and guidance during these days."

Former Director of MPM Hospital Rev. Fr. Thomas Vadakumkara said "During this last one year no celebratory, no sportsman was remembered for any cause, only one name was in everyones mouth i.e. Doctor. Expressing my gratitude to all doctors for their dedication, rendering selfless services to humanity in this unprecedented public health crisis."

From the doctor's side Dr. Manoj Thomas thanked the hospital management for the 24 x 7 support. He said "It's truly said that when the head of the family is so kind and generous, then the kids of the family will also follow the same path, which means like the Director of the Hospital here the doctors are following the same path".



Hospital Director Rev. Fr. Tom Arackal addressed the gathering and said "We are grateful to our medical fraternity, frontline workers specially Dr. Vinay Kumar Kachhap, Dr. Pawan C Rao and his team for going above & beyond the call of duty to alleviate human sufferings. Kudos to their high spirit and dedication and love that they continued to work in the hour of crisis. I also like to thank the district administration

In order to thank and salute the heroes who emerged in white-coat to save humankind from the deadly virus, this year's National Doctor's Day became more significant for MPM hospital.

കോട്ടയം
അതിരൂപത

# ക്നായിത്തൊമ്മൻ ഭവന നിർമ്മാണ പദ്ധതിയിലെ ആദ്യ ഭവനങ്ങളുടെ സമർപ്പണം

കോട്ടയം: ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് നടപ്പിലാക്കുന്ന ക്നായിത്തൊമ്മൻ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച രണ്ട് ഭവനങ്ങളുടെ സമർപ്പണം ജൂലൈ 30 വെള്ളിയാഴ്ച കിടങ്ങൂരിൽ നടന്നു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവാണ് വെഞ്ചരിപ്പു കർമ്മം നിർവഹിച്ചത്.

ക്നായിത്തൊമ്മൻ ഭവനനിർമ്മാണ പദ്ധതിയിലൂടെ 2021 ൽ ആദ്യഘട്ടമായി 25 ഭവനങ്ങൾ നിർമ്മിച്ചു നൽകാനാണ് കോട്ടയം അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ തീരുമാനം. അതിരൂപതയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് പതിനാലു ഫൊറോന സമിതികളുടെയും പങ്കാളിത്തത്തോടെ വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ കെ സി സി ലക്ഷ്യമിടുന്നത്.

ക്നാനായ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതിയുടെയും കിടങ്ങൂർ ഫൊറോനയുടെയും ഇതര സുമനസ്സുകളുടെയും പങ്കാളിത്തത്തോടെയാണ് ആദ്യഘട്ടത്തിലെ രണ്ടു ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത്. 2016 ൽ കോട്ടയം അതിരൂപത നടപ്പിലാക്കിയ 'ലാൻഡ് ടു ലാൻഡ്ലെസ്സ്' പദ്ധതിയുടെ ഭാഗമായി ഫിലിപ്പ് മഠത്തിൽ ലഭ്യമാക്കിയ സ്ഥലത്താണ് രണ്ടു കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകിയത്.

# ഐ സി ചാക്കോ അവാർഡ് ജോൺ കച്ചിറമറ്റത്തിന്

ചങ്ങനാശ്ശേരി
അതിരൂപത

ചങ്ങനാശ്ശേരി: ഷെവലിയർ ഐ സി ചാക്കോയുടെ സ്മരണാർത്ഥം ചങ്ങനാശ്ശേരി അതിരൂപത ഏർപ്പെടുത്തിയ അവാർഡിന് പ്രശസ്ത ചരിത്രകാരനും സമുദായ സംഘടനാ നേതാവുമായ ജോൺ കച്ചിറമറ്റം അർഹനായി. 25,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ചങ്ങനാശ്ശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടമാണ് അവാർഡ് ജേതാവിനെ പ്രഖ്യാപിച്ചത്.

സമുദായ-ചരിത്ര-സാമൂഹിക-സാംസ്കാരിക മേഖലകളിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. പ്രശസ്ത ചരിത്രകാരൻ കൂടിയായ ജോൺ കച്ചിറമറ്റം, ക്രൈസ്തവ സമുദായ സംഘടനാ നേതാവ് എന്ന നിലയിൽ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഏറെക്കാലം ശ്രദ്ധേയമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്. അധ്യാപകനായിരുന്ന അദ്ദേഹം ഭക്തസംഘടനകളിലൂടെയാണ് പൊതു പ്രവർത്തന രംഗത്തേക്ക് കടന്നു വന്നത്.

ബിഷപ് മാർ തോമസ് തറയിൽ, പ്രഫ. ഡോ. റൂബിൾ രാജ്, റവ. ഫാ. ജോസഫ് പനക്കേഴം എന്നിവരടങ്ങിയ ജഡ്ജിംഗ് കമ്മിറ്റി നിർദ്ദേശിച്ച വ്യക്തികളിൽനിന്നും അതിരൂപതാ കൂരിയാ ആണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്.



ഐ സി ചാക്കോയുടെ പേരിലുള്ള പുരസ്കാരം നാല് വർഷത്തിലൊരിക്കലാണ് നൽകി വരുന്നത്. ചങ്ങനാശ്ശേരി അതിരൂപതാംഗവും പുളിങ്കുന്ന് സ്വദേശിയുമായിരുന്ന ഷെവലിയർ ഐ സി ചാക്കോ ബഹുഭാഷാ പണ്ഡിതനും, ഉത്തമ സഭാസ്നേഹിയും ആയിരുന്നു. ഭൂഗർഭ ശാസ്ത്രജ്ഞൻ, സാഹിത്യകാരൻ, നിരൂപകൻ, ചരിത്രകാരൻ, ഭരണകർത്താവ് തുടങ്ങി നിരവധി മേഖലകളിലും പ്രതിഭ തെളിയിച്ചിരുന്നു.

ചങ്ങനാശ്ശേരി അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് ജോൺ കച്ചിറമറ്റത്തിന് പുരസ്കാരം സമ്മാനിക്കുമെന്ന് പിആർഒ അഡ്വ. ജോജി ചിറയിൽ, ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ എന്നിവർ അറിയിച്ചു.

# To Reach Out and to Lift Up

ADILABAD
EPARCHY

Adilabad: The timely support of Adilabad Eparchy, helped the poor people of Mallapur village to keep their homes dry during the heavy monsoon. Mallapur is a small village, located in Indervelly Mandal of Adilabad District in Telangana. In the second week of June, the village experienced heavy thunderstorm which carried away the roof of hundreds of huts.

Reaching out to help the people and alleviate their pain, Adilabad Eparchy took the initiative to repair the houses. 510 roofing sheets were required to re-roof the huts. Benefactors from different parts of the world came forward and joined hands with the Eparchy to relieve the pain of Adivasi villagers.

Karunya Nidhi, the charitable society of Adilabad Eparchy, distributed roofing sheets to 85 families. The villagers expressed their gratitude to



Bishop Mar Prince Antony Panengadan, Fr. Jijo Vettath, Fr. Mathai Velpula, Fr. Amalraj, Fr. Jose Manickathan. Mallapur village is located 28 km South to Adilabad District head quarters.

# Inauguration of Holy Childhood Association

MANDYA
EPARCHY

Mandya: The 'Holy Childhood' association, also known as 'Thirubalasakhyam' was inaugurated in the Eparchy of Mandya on 15th of August at Santhome church, Hulimavu, Bangalore. The day was a much awaited one for the entire team of Holy childhood as, there included many days of prayer and planning.



The event began with Holy Qurbana celebrated by Bishop Mar Sebastian Adayantharath along with Msgr. Dr. Mathew Koikara, Rev. Fr. Benny Aasharikunnel, Rev. Fr. Saji Pariyappanal, Rev. Fr. Manoj Ambalathinkal and the Eparchial team lead by Fr. Shaji Puthenpurayil, the Director, Holy Childhood.

The formal function started with lighting of the lamp by the dignitaries. The Holy childhood association was inaugurated by Bishop Mar Sebastian Adayantharath. Holy Childhood badge, flag, logo and the by-laws also were officially released. The crowd was enlightened by the messages and thoughts shared by the guests of honour.

The event concluded with a speech by Thirubalasakhyam director Fr. Shaji Puthenpurayil, which focused the need of Holy Childhood in the life of children and families and a speech of gratitude by Mrs Leeja K L, secretary of Holy Childhood team.

# ജീവൻ പകുത്തു നൽകിയ സഹോദര സ്നേഹം – പ്രചോദനമായത് വൈദികന്റെ പ്രസംഗം

താമരശ്ശേരി രൂപത

താമരശ്ശേരി: വി. കുർബാന മധ്യേ വൈദികൻ നടത്തിയ പ്രസംഗം മരുതോങ്കര സ്വദേശി ജസ്റ്റിൻ ജോസ് വള്ളിക്കു ന്നേലിന് ദൈവിക വെളിപാടായി മാറി. സ്വന്തം സഹോദരനു വേണ്ടി ജീവൻ പകുത്തു നൽകാനുള്ള തീരുമാനമാണ് ഫാ. അബ്രഹാം സ്രാമ്പിക്കലിന്റെ വാക്കുകൾ ജസ്റ്റിന്റെ മനസിലുണ്ടാക്കിയത്. ഒരു ഞായറാഴ്ച ചേവായൂർ നിത്യസഹായ മാതാ ദേവാലയത്തിൽ വി. കുർബാനയിൽ പങ്കുകൊള്ളുന്നതിനിടെയാണ് ജസ്റ്റിനും ഭാര്യ രേഷ്മയും ദൈവഹിതം തിരിച്ചറിഞ്ഞത്.



ജസ്റ്റിന്റെ സഹോദരൻ നോബിൾ 4 വർഷത്തോളമായി വൃക്ക രോഗത്തിന് ചികിത്സയിലായിരുന്നു. ആറു മാസം മുമ്പ് ഡയാലിസിസ് തുടങ്ങിയപ്പോൾ വിദേശത്തെ ജോലി ഉപേക്ഷിച്ച് നാട്ടിലെത്തി ചികിത്സ തുടർന്നു. രോഗം കൂടിയതോടെ ജീവൻ രക്ഷിക്കാനുള്ള ഏക മാർഗം വൃക്ക മാറ്റിവെക്കൽ മാത്രമായി. വൃക്ക ദാതാവിനായി കുടുംബാംഗങ്ങൾ അന്വേഷണവും തുടങ്ങി. ഇതിനിടെ അനിയന് വൃക്ക ദാനം ചെയ്യാൻ താൻ തയ്യാറാണെന്ന് ജസ്റ്റിൻ അറിയിച്ചു. എന്നാൽ സർജറിക്കു ശേഷം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്, അതിനാൽ നന്നായി ആലോചിച്ച് മാത്രമേ തീരുമാനം എടുക്കാവൂ എന്ന് കുടുംബാംഗങ്ങളും ബന്ധുക്കളും മുന്നറിയിപ്പ് നൽകി. മറ്റൊരു ദാതാവിനായി അവർ അന്വേഷണം തുടരുകയും ചെയ്തു.

ഇതിനിടെയാണ് ചേവായൂർ പള്ളിയിൽ വെച്ച് ജസ്റ്റിനും ഭാര്യ രേഷ്മയും ഫാ. അബ്രഹാമിന്റെ പ്രസംഗം കേൾക്കുന്നത്. 'നീ മറ്റുള്ളവർക്ക് എന്തു ചെയ്തു എന്നതിനൊപ്പം, നിന്റെ സ്വന്തം സഹോദരന് നീ എന്തു ചെയ്തു എന്നുള്ളതും ദൈവ തിരുമുമ്പിൽ കണക്കു ബോധിപ്പിക്കേണ്ട കാര്യമാണ്' എന്ന വാക്കുകൾ തങ്ങൾക്കുള്ള ദൈവിക വെളിപാടായി അവർ സ്വീകരിക്കുകയായിരുന്നു.

പിന്നീട് വീട്ടുകാരുടെയും ബന്ധുക്കളുടെയും സമ്മതത്തോടെ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കായുള്ള ഒരുക്കങ്ങൾ തുടങ്ങി. നിയമപരമായ നടപടികൾ പൂർത്തിയാക്കി ജസ്റ്റിനും നോബിളും ആശുപത്രിയിൽ അഡ്മിറ്റായി. ജൂലൈ രണ്ടാം വാരത്തിൽ സർജറി വിജയകരമായി നടന്നു. പൂർണ ആരോഗ്യത്തോടെ പുഞ്ചിരിക്കുന്ന സഹോദരനെ കണ്ടപ്പോൾ ജീവിതത്തിന് കൂടുതൽ അർത്ഥം കൈവന്നതായി ജസ്റ്റിൻ പ്രതികരിച്ചു. ഇതിന് പൂർണ പിന്തുണ നൽകി തനിക്കൊപ്പം നിന്നത് ജീവിത പങ്കാളിയായ രേഷ്മയാണെന്നും ജസ്റ്റിൻ പറഞ്ഞു.

ഈ പുതു ജന്മത്തിന് ദൈവത്തോടെന്ന പോലെ സഹോദരനോടും താൻ കടപ്പെട്ടിരിക്കുന്നു എന്നായിരുന്നു നോബിളിന്റെ വാക്കുകൾ. മരുതോങ്കര വള്ളിക്കുന്നേൽ ജോസ് – അന്നമ്മ ദമ്പതികളുടെ മക്കളാണ് ജസ്റ്റിനും നോബിളും. താമരശ്ശേരി കോർപ്പറേറ്റിന് കീഴിലുള്ള കട്ടിപ്പാറ ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനാണ് ജസ്റ്റിൻ. ഭാര്യ രേഷ്മ കോഴിക്കോട് ഭാരതീയ വിദ്യാഭവൻ സ്കൂളിൽ അധ്യാപികയാണ്. ഈസ്റ്റ് ഫാത്തിമ മാതാ ഇടവകാംഗങ്ങളാണ് ജസ്റ്റിനും നോബിളും.

# കർഷക വിലാപ ദിനം ആചരിച്ചു

തലശ്ശേരി അതിരൂപത

തലശ്ശേരി: തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷക വിലാപ ദിനം ആചരിച്ചു. ആഗസ്റ്റ് 16ന് തലശ്ശേരി അതിരൂപതയിലെ 110 കേന്ദ്രങ്ങളിലാണ് കേന്ദ്ര സർക്കാർ, കേരള സർക്കാർ ഓഫീസുകൾക്ക് മുൻപിൽ കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ നിൽപ്പ് സമരം നടത്തിയത്. വിലാപ ദിനാചരണത്തിന്റെ അതിരൂപതാ തല ഉദ്ഘാടനം ആർച്ച്ബിഷപ് മാർ ജോർജ് ഞരളക്കാട്ട് പിതാവ് തലശ്ശേരിയിൽ നിർവഹിച്ചു. മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി.



വന്യമൃഗ ശല്യത്തിൽ നിന്ന് കർഷരെ രക്ഷിക്കുക, കർഷകർക്ക് പതിനായിരം രൂപ വീതം പെൻഷൻ അനുവദിക്കുക, റബ്ബറിന് 250 രൂപ തറവില നിശ്ചയിക്കുക, കർഷകരുടെ കടം എഴുതി തള്ളുക, കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുക, കൃഷി നാശത്തിന്റെ നഷ്ടപരിഹാരം ഉയർത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധം സംഘടിപ്പിച്ചത്.

എകെസിസി അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ട്, മിഷൻലീഗ് ഡയറക്ടർ ഫാ. വിപിൻ വടക്കേപ്പറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

കർഷക വിലാപ ദിനത്തിന്റെ പയ്യന്നൂർ മേഖലാതല ഉദ്ഘാടനം എകെസിസി അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ നിർവ്വഹിച്ചു. വിവിധ മേഖലകളിൽ നടന്ന സമരങ്ങൾക്ക് ബേബി നെട്ടനാനി, ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാമ്പുറം, ഫിലിപ്പ് വെളിയത്ത്, അഡ്വ. ബിനോയ് തോമസ്, ജോർജ് വടകര, പീയൂസ് പറയിടം, സിസിലി പുഷ്പ കുന്നേൽ, അഡ്വ. ഷീജ സെബാസ്റ്റ്യൻ, ജോർജ്ജ് കാനാട്ട്, ബെന്നിച്ചൻ മഠത്തിനാൽ, മാത്യു വള്ളാംകോട്ട്, ടോമി വെട്ടിക്കാട്ട്, മൈക്കിൾ ചാണ്ടിക്കൊല്ലി, വർഗീസ് പള്ളിച്ചിറ, ജിമ്മി അയിത്തമറ്റം, അബ്രഹാം ഈറ്റക്കൽ, ഡേവിസ് ആലങ്ങാടൻ, ജോർജ് വലിയമറത്താങ്കൽ, ജോസ് ഏത്തക്കാട്, ടോമി കണയങ്കൽ, ജോസ് പുന്നോത്, ജോണി തോലമ്പുഴ, സെബാസ്റ്റ്യൻ ജാതികുളം, സിജോ ചിലമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

"മരിച്ചാലും മറക്കൂലാട്ടോ"



**വിശുദ്ധ ഏവുപ്രാസ്യാമ്മേ**

**ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ!**

29 ഓഗസ്റ്റ്

THUCKALAY EPARCHY

# Eparchial Silver Jubilee year, Target to build 25 Homes for the Poor

Thuckalay: Eparchy of Thuckalay is celebrating the Silver Jubilee year and the charitable trust of the Eparchy has laid a target to build 25 homes for the poor and downtrodden. Some have already been completed, some ongoing, continuous efforts are on to complete the target within this year.



The construction of four houses has begun in Tenkasi Mission. The foundation stone for first house at Mekkarai parish in Tenkasi District was laid by Rev. Fr Aby Poovathummoottil, Director, KKSSS (Kanya Kumari Social Service Society) in the presence of Rev. Fr. Thomas Thuckalay, Director, Pulari Social Service Society on July 15, 2021.

The Eparchy is very grateful to Mr. Mathew George, Mr. Augustine Ponezham, Mr. Varghese Malliakkal, all from the USA, and the Save Family Foundation, Canada for supporting this noble intention of the Eparchy.

This year many of the spiritual activities of the Eparchial Silver Jubilee Celebration, have been converted into the digital and online mode, the social activities have received a new impetus on the background of current pandemic emergency.


സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAJOR ARCHBISHOP CARDINAL MAR GEORGE ALENCHERRY

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

SUB EDITOR
MR. THEOPHINE

STAFF EDITOR
MRS. SUJAMOL JOSE

ONLINE EDITOR
MR. EBY KANNAMPALLY

CONSULTANTS
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI

## 180 പേർക്ക് അതിരൂപത സാധ്യമാക്കിയത് കേൾവിയുടെ 'സഹൃദയ' ലോകം

എറണാകുളം-അങ്കമാലി അതിരൂപത

പാലാരിവട്ടം: എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ, ജില്ലയിലെ കേൾവി വൈകല്യമുള്ള 180 പേർക്ക് ശ്രവണ സഹായികൾ വിതരണം ചെയ്തു. കേന്ദ്ര സർക്കാരിന്റെ അസിസ്റ്റൻസ് റ്റു ഡിസേബിൾഡ് പേഴ്സൻസ് ഫോർ പർച്ചേസിംഗ് എയ്ഡ്സ് ആൻഡ് അപ്ലയൻസസ് പദ്ധതിയുടെ ഭാഗമായി 15,000 രൂപ വീതം വിലവരുന്ന ശ്രവണ സഹായികളാണ് ഓരോരുത്തർക്കും വിതരണം ചെയ്തത്.

എം ജി യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസേർച്ച് ഇൻ ലേണിംഗ് ഡിസബിലിറ്റിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. പാലാരിവട്ടം സെന്റ് മാർട്ടിൻസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങ് കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യ വികസന, കാരുണ്യ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാൽ സഹൃദയ ഉത്തമ മാതൃകയാണെന്ന് മേയർ പറഞ്ഞു.

എറണാകുളം - അങ്കമാലി അതിരൂപതാ മുൻ സഹായ മെത്രാൻ മാർ തോമസ് ചക്യത്ത് പിതാവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഏറ്റവും പിന്നിൽ നിൽക്കുന്നവരുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളാണ് ഒരു സമൂഹത്തിന്റെ യഥാർത്ഥ വികസന സൂചികയെന്ന് ചക്യത്ത് പിതാവ് ചൂണ്ടിക്കാട്ടി.



അതിരൂപതയുടെ ശതോത്തര രജതജൂബിലി സ്മാരകമായി സഹൃദയ ആരംഭിക്കുന്ന രക്തദാനത്തിനുള്ള മൊബൈൽ ആപ്ലിക്കേഷന്റെ പ്രകാശനം സഹൃദയ ഗുഡ് വിൽ അംബാസഡർ കൂടിയായ സിനിമാതാരം സിജോയ് വർഗീസ് നിർവഹിച്ചു.

എം ജി യൂണിവേഴ്സിറ്റി ഐ ആർ എൽ ഡി ഡയറക്ടർ ഡോ. കെ എം മുസ്തഫ, കേന്ദ്ര സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള മുംബൈ അലി യവർ ജംഗ് നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് ഡിസബിലിറ്റീസ് മീഡിയ ഓഫിസർ ഡോ. പി ജെ മാത്യു മാർട്ടിൻ, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. ആൻസിൽ സെബാസ്റ്റ്യൻ, സഹൃദയ സ്പർശൻ കോർഡിനേറ്റർ സെലിൻ പോൾ എന്നിവർ സംസാരിച്ചു.

## ജീവന്റെ സംരക്ഷണത്തിനായ്

കാഞ്ഞിരപ്പള്ളി രൂപത

കാഞ്ഞിരപ്പള്ളി: സി.ബി.സി.ഐ.യുടെയും കെ.സി.ബി.സി.യുടെയും ആഹ്വാനമനുസരിച്ച് ഓഗസ്റ്റ് 10 ജീവന്റെ സംരക്ഷണദിനമായി കാഞ്ഞിരപ്പള്ളി രൂപത ആചരിച്ചു. ഗർഭഛിദ്രം മൂലം വധിക്കപ്പെട്ട കുഞ്ഞുങ്ങളെ അനുസ്മരിച്ചുകൊണ്ടും, ഗർഭഛിദ്രത്തെ പിൻതുണയ്ക്കുന്നവരുടെ മാനസാന്തരത്തിനായും രൂപതയിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ ആരാധനയും നടത്തി.

ഗർഭഛിദ്രത്തിന് അനുമതി നൽകുന്ന മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് ഇന്ത്യയിൽ നിലവിൽ വന്നതിന്റെ 50-ാം വാർഷിക ദിനമായിരുന്നു ഇക്കഴിഞ്ഞ ആഗസ്റ്റ് 10. 1971 ആഗസ്റ്റ് 10നാണ് എം ടി പി ആക്റ്റ് ഇന്ത്യയിൽ നിലവിൽ വന്നത്.

എല്ലാ ഇടവക ദേവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും കുടുംബങ്ങളിലും മനുഷ്യജീവന്റെ സംരക്ഷണത്തിനായി പ്രത്യേക പ്രാർത്ഥയും ജപമാലയും നടത്തി. രൂപതാ ഫാമിലി അപ്പോസ്തലേറ്റും മുണ്ടക്കയം എം എം റ്റി ആശുപത്രിയും ചേർന്ന് മനുഷ്യജീവന്റെ സംരക്ഷണത്തെക്കുറിച്ച് പ്രത്യേക വെബിനാറും സംഘടിപ്പിച്ചു.

## കൂടുതൽ മക്കളുള്ള കുടുംബങ്ങൾക്ക് ക്ഷേമപദ്ധതികളുമായി ഇടുക്കി കാർമൽഗിരി പ്രൊവിൻസ്

ഇടുക്കി രൂപത

ഇടുക്കി: നാലു കുട്ടികളിൽ അധികമുള്ള കുടുംബങ്ങൾക്ക് സഹായവുമായി സി എം സി ഇടുക്കി കാർമൽഗിരി പ്രൊവിൻസിലെ സന്യാസിനിമാർ. വലിയ കുടുംബങ്ങളിലെ 450 കുട്ടികൾക്ക് ഈ വർഷം 5000 രൂപ വീതം പഠന സഹായം നൽകി. കഴിഞ്ഞ ആറു വർഷങ്ങളിൽ 104 കുട്ടികൾക്ക് 25,000 രൂപ വീതം പഠന സ്കോളർഷിപ്പും നൽകിയിരുന്നു.

വലിയ കുടുംബങ്ങൾ ആഗ്രഹിക്കുന്ന നൂറിലധികം സ്ത്രീകൾക്ക് അയ്യായിരം രൂപ വീതം പ്രസവ സഹായം നൽകി. നാലും അതിൽ കൂടുതലും കുട്ടികൾ ഉള്ളവർക്ക് സി എം സി സന്യാസ സമൂഹത്തിന്റെ മാനേജ്മെന്റിനു




കീഴിലുള്ള സ്കൂളുകളിൽ പരിപൂർണ്ണ സൗജന്യ പഠനം ഏർപ്പെടുത്തുന്നു.

ഇടുക്കിയിലുള്ള 450 വലിയ കുടുംബങ്ങൾക്കായി സ്വയം തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് മുപ്പതിനായിരം രൂപ വീതം പലിശരഹിത വായ്പ നൽകാനും തീരുമാനമുണ്ട്. വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യമാണെന്ന് ഇടുക്കി കാർമൽഗിരി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആനി പോൾ, സാമൂഹ്യ സേവന വിഭാഗം കോഡിനേറ്റർ സിസ്റ്റർ ചൈതന്യ എന്നിവർ അറിയിച്ചു.

## Priestly Ordination

JAGDALPUR EPARCHY

Jagadalpur : The Eparchy is blessed with the ordinations of two Deacons in this golden jubilee year. Dn. Roy Akkara ordained on 14 June 2021, at Puthur St. Thomas Forane church and Dn. Manu Pathikkunnel ordained on 15 June 2021, at St. Mary's church Karithodu. This solemn ceremonies were officiated by The Bishop of Jagdalpur, Mar Joseph Kollamparampil.





Now Jagdalpur Eparchy is blessed with 50 priests. Increasing of covid 19 virus many could not participate in the ordination ceremony physically, but all were earnestly gave their spiritual presence in online participation.

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

സീറോമലബാർ വിഷൻ

## 'പത്തായം നിറയ്ക്കൽ' പദ്ധതി അതിരൂപതാ തല ഉദ്ഘാടനം

കോട്ടയം അതിരൂപത

കോട്ടയം: വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷൻ നടപ്പിലാക്കുന്ന പത്തായം നിറയ്ക്കൽ വിത്തുശേഖരണ - ലഭ്യമാക്കൽ പദ്ധതിയുടെ അതിരൂപതാതല ഉദ്ഘാടനം നടന്നു. കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ടാണ് വിത്തു വിതരണം ഉദ്ഘാടനം ചെയ്തത്. കെ സി ഡബ്ല്യു എ വൈസ് പ്രസിഡന്റ് പെണ്ണമ്മ ജെയിംസ് പച്ചക്കറി വിത്തുകൾ ഏറ്റുവാങ്ങി. അതിരൂപതാ പ്രസിഡന്റ് ലിൻസി രാജൻ വടശ്ശേരിക്കുന്നേൽ, സെക്രട്ടറി ഷൈനി ചൊള്ളമ്പേൽ, ട്രഷറർ എൽസമ്മ സക്കറിയ എന്നിവർ സന്നിഹിതരായിരുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ കോട്ടയം അതിരൂപതയുടെ കാർഷിക സമൃദ്ധി പദ്ധതിയോടു ചേർന്നാണ് ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷൻ പത്തായം നിറയ്ക്കൽ പദ്ധതി ന



ടപ്പിലാക്കുന്നത്. കെ സി ഡബ്ല്യു എ അംഗങ്ങൾ തങ്ങളുടെ പുരയിടത്തിൽ നിന്നും സാധിക്കുന്നത്ര വിത്തുകൾ സമാഹരിച്ച് മറ്റുള്ളവർക്കായി പങ്കുവയ്ക്കും. അത്യുല്പാദന ശേഷിയുള്ള വിത്തുകൾ പ്രചരിപ്പിച്ചും കൈമാറിയും പരമ്പരാഗത കാർഷികസംസ്ക്കാരം പുനരുജ്ജീവിപ്പിക്കുക എന്നതാണ് സംഘടന ലക്ഷ്യമിടുന്നത്.

# തകർക്കപ്പെട്ട ദേവാലയത്തിന്റെ പുനർനിർമ്മാണത്തിനായി പ്രത്യേകം പ്രാർത്ഥിക്കണം: മാർ കുര്യാക്കോസ് ഭരണികുളങ്ങര

ഫരീദാബാദ്
രൂപത

ഫരീദാബാദ്: ഡൽഹി അന്ധേരിയ മോഡിലെ തകർക്കപ്പെട്ട ദേവാലയത്തിന്റെ പുനർനിർമ്മാണത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന ആഹ്വാനവുമായി ഫരീദാബാദ് രൂപത അദ്ധ്യക്ഷൻ ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര. ലിറ്റിൽ ഫ്ളവർ ദേവാലയം തകർക്കപ്പെട്ട് മൂന്ന് ആഴ്ച പിന്നിട്ട വേളയിലാണ് ഓഗസ്റ്റ് 7ന് വിശ്വാസികളുടെ പ്രാർത്ഥന ആവശ്യപ്പെട്ട് പിതാവ് പ്രത്യേക സർക്കുലർ ഇറക്കിയത്.



തകർക്കപ്പെട്ട ദേവാലയത്തിന്റെ പുനർനിർമ്മാണം സർക്കാരും, രാഷ്ട്രീയ പാർട്ടികളും, ഉദ്യോഗസ്ഥരും, നിയമ സംവിധാനങ്ങളും ഉൾക്കൊള്ളുന്ന ഒരു സങ്കീർണ പ്രക്രിയയാണ്. ഈ പ്രശ്നം എത്രയും വേഗം പരിഹരിക്കാനുള്ള പരിശ്രമത്തിൽ എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. രൂപതയിലെ എല്ലാ ഇടവകകളിലും എല്ലാ ദിവസവും വിശുദ്ധ കുർബാന മധ്യേ ഈ നിയോഗത്തിനായി പ്രാർത്ഥിക്കണം. രൂപതയിലെ സന്യസ്ത സഭകളും മാതൃവേദി, പിതൃവേദി, ഡി എസ് വൈ എം തുടങ്ങിയ എല്ലാ സംഘടനകളും ഈ നിയോഗം സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കണം. കുടുംബ പ്രാർത്ഥനകളിലും ഇതിനായി പ്രത്യേകം പ്രാർത്ഥന നടത്തണമെന്നും ആർച്ച് ബിഷപ്പ് അഭ്യർത്ഥിച്ചു. ഓഗസ്റ്റ് 13 വെള്ളിയാഴ്ച എല്ലാ പള്ളികളിലും വിശുദ്ധ ബലിക്ക് മുമ്പോ ശേഷമോ ഈ നിയോഗത്തിനായി പ്രത്യേക ആരാധന നടത്തണമെന്നും ആർച്ച്ബിഷപ് ആഹ്വാനം ചെയ്തിരുന്നു. ഈ ദിവസങ്ങളിൽ ജപമാല ചൊല്ലി പ്രത്യേകം പ്രാർത്ഥിക്കണം. സാധിക്കുമെങ്കിൽ വിവിധ പള്ളികളിൽ നിന്നും ചെറിയ ഗ്രൂപ്പുകൾ തകർക്കപ്പെട്ട ദേവാലയം സന്ദർശിച്ച് പ്രാർത്ഥന നടത്തണം. പള്ളിയുടെ പുനർനിർമ്മാണം എന്ന നിയോഗത്തിനായി പ്രത്യേക പ്രാർത്ഥന തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രാർത്ഥന പരമാവധി ആളുകളിലേക്ക് എത്തിച്ച് ഈ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കണമന്നും പിതാവ് ആവശ്യപ്പെട്ടു.

# കത്തോലിക്ക കോൺഗ്രസ് കാനഡ നേതൃസമ്മേളനം

മിസ്സിസ്സാഗ
രൂപത

ടൊറന്റോ: കാനഡയിലെ മിസ്സിസ്സാഗ രൂപത കേന്ദ്രമായി പ്രവർത്തിക്കുന്ന കത്തോലിക്ക കോൺഗ്രസിന്റെ നേതൃസമ്മേളനം ഓഗസ്റ്റ് 12ന് ഓൺലൈനായി നടന്നു. കത്തോലിക്ക കോൺഗ്രസ് ബിഷപ് ലെഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവഹിച്ചു. കേരളത്തിൽ നിന്ന് ധാരാളം വിദ്യാർത്ഥികളും മറ്റുള്ളവരും കാനഡയിലേക്ക് കുടിയേറുന്ന സാഹചര്യത്തിൽ മിസ്സിസ്സാഗ രൂപതയിൽ ശക്തിപ്പെട്ടുവരുന്ന കത്തോലിക്ക കോൺഗ്രസ് ഇവർക്ക് സഹായകമാകുമെന്ന് ബിഷപ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കാനഡയിലേക്ക് കുടിയേറ്റപ്പെട്ടവർ കാനഡയിലെ കാർഷിക സാധ്യതകളും, ബിസിനസ്, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലയിലെ സാധ്യതകളും പ്രയോജനപ്പെടുത്തണമെന്നും റെമിജിയൂസ് പിതാവ് പറഞ്ഞു.

മിസ്സിസ്സാഗ രൂപത അദ്ധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ അദ്ധ്യക്ഷനായിരുന്നു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിക്ക് കാനഡയിൽ നിന്നും ശക്തമായ പിന്തുണ നൽകുമെന്ന് മാർ ജോസ് കല്ലുവേലിൽ വ്യക്തമാക്കി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡൻറ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണം നടത്തി. മിസ്സിസ്സാഗ രൂപത വികാരി ജനറാൾ ഫാ. പത്രോസ് ചമ്പക്കര, രൂപതാ ഡയറക്ടർ ഫാ. ടോമി ചിറ്റിനപ്പിള്ളി തുടങ്ങിയവർ പ്രസംഗിച്ചു.



കത്തോലിക്ക കോൺഗ്രസ് കാനഡ പ്രസിഡന്റായി ജോളി ജോസഫിനെയും, വൈസ് പ്രസിഡന്റുമാരായി ജിജോ ആലപ്പാട്ട്, ഷേർളി ഡൊമിനിക് എന്നിവരെയും തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിയായി തോമസ് വർഗീസ്, സെക്രട്ടറിമാരായി ജോസഫ് അക്കരപ്പാട്ടിയാക്കൽ, ഡെന്നി ജോസഫ്, സ്മിത വർഗീസ് എന്നിവരും ട്രഷററായി വി സി റോയിയും തെരെഞ്ഞെടുക്കപ്പെട്ടു.

# ഇന്ധന വില വർധനവ്: സ്വാതന്ത്ര്യ ദിനത്തിൽ സൈക്കിൾ റാലി പ്രതിഷേധം നടത്തി കെ സി വൈ എം

ഇരിങ്ങാലക്കുട
രൂപത

ഇരിങ്ങാലക്കുട: ദിനംപ്രതിയുള്ള പെട്രോൾ ഡീസൽ വില വർധനയ്ക്കെതിരെ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനത്തിൽ രൂപതയിലെ കെ സി വൈ എം അംഗങ്ങൾ സൈക്കിൾ റാലി നടത്തി പ്രതിഷേധിച്ചു. രൂപതയിലെ 10 ഫൊറോനകളിലൂടെ 101 കിലോമീറ്റർ ദൂരമാണ് യുവജനങ്ങൾ പ്രതിഷേധ സൈക്കിൾ റാലി നടത്തിയത്. 50 ഓളം യുവാക്കൾ റാലിയിൽ പങ്കെടുത്തു. സ്വാതന്ത്ര്യ ദിനത്തിൽ രാവിലെ 8.30ന് പുത്തൻചിറ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നിന്നുമാണ് റാലി ആരംഭിച്ചത്. കെ സി വൈ എം പുത്തൻചിറ ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ റാലി ഫ്ളാഗ് ഓഫ് ചെയ്തു.

വൈകിട്ട് 5.30 ഓടെ റാലി ഇരിങ്ങാലക്കുടയിൽ എത്തിച്ചേർന്നു. കത്തീഡ്രൽ അങ്കണത്തിൽ നടന്ന സമാപന സമ്മേളനം രൂപതാ ബിഷപ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. കെ സി വൈ എം ഇരിങ്ങാലക്കുട രൂപതാ ചെയർമാൻ എമിൽ ഡേവിസ്, രൂപതാ ഡയറക്ടർ ഫാ. മെഫിൻ തെക്കേക്കര, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിനോ മേച്ചേരി, ജനറൽ സെക്രട്ടറി നിഖിൽ ലിയോൺസ്, വൈസ് ചെയർ പേഴ്സൺ ഡിംബിൾ ജോയ്, ട്രഷറർ സോളമൻ തോമസ്, സിൻഡിക്കേറ്റംഗം ലിബിൻ മുരിങ്ങലേത്ത്, വനിതാ വിങ് കൺവീനർ പ്രിൻസി ഫ്രാൻസിസ്, രൂപത സമിതി അംഗങ്ങളായ ആന്റണി ജോസ്, സഞ്ജു ആന്റോ, റിജോ ജോയ്, ലിയാര ബെൻറി എന്നിവർ നേതൃത്വം നൽകി.



ചിക്കാഗോ
രൂപത

# ചിക്കാഗോ സീറോമലബാർ രൂപതയ്ക്ക് 20-ാം പിറന്നാൾ

ചിക്കാഗോ: ഭാരതത്തിനു വെളിയിലെ പ്രഥമ സീറോമലബാർ രൂപതയായ ചിക്കാഗോ സെന്റ് തോമസ് രൂപത യുവത്വത്തിന്റെ പ്രസരിപ്പോടെ 20-ാം പിറന്നാളിന്റെ നിറവിലാണ്. രൂപതയെ വളർച്ചയുടെ പടവുകളിലേയ്ക്ക് നയിക്കുന്ന രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികം കൂടിയാണിത്. കൃതജ്ഞതാ പ്രകാശനത്തിന്റെ ഭാഗമായി ചിക്കാഗോ സെന്റ് തോമസ് രൂപതയിൽ 2021 ജൂലൈ ഒന്നു മുതൽ 2022 ജൂൺ 30 വരെ കുടുംബ വർഷമായി ആചരിക്കുകയാണ്.



20-ാം പിറന്നാളിന്റെ ഭാഗമായി ബെൽവുഡ് സീറോമലബാർ കത്തീഡ്രലിൽ രൂപത ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന കൃതജ്ഞതാബലിക്കു ശേഷമായിരുന്നു കുടുംബ വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം. കുടുംബ ജീവിതക്കാർക്കായി ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക തിരുവെഴുത്ത് 'അമോരീസ് ലെത്തീസ്യ' യുടെ അഞ്ചാം പിറന്നാളിനോട് അനുബന്ധിച്ചുകൂടിയാണ് ചിക്കാഗോ രൂപതയിലെ കുടുംബ വർഷാചരണം നടക്കുന്നത്. അമോരീസ് ലെത്തീസ്യ- യെ കുറിച്ചുള്ള പഠനം ഓരോ കുടുംബത്തിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം കൂടി കുടുംബ വർഷാചരണത്തിനു പിന്നിലുണ്ട്. ഇടവക തലത്തിലാണ് കാര്യപരിപാടികൾ നടപ്പിലാക്കുന്നത്.

രണ്ട് ഇടവകകളും ആറ് മിഷൻ കേന്ദ്രങ്ങളും എട്ട് വൈദികരുമായിരുന്നു രൂപതയുടെ തുടക്കത്തിൽ ഉണ്ടായിരുന്നത്. ഇരുപതാം വയസിലെത്തിയപ്പോൾ ഇടവകകളുടെ എണ്ണം 50 ആയി. മിഷൻ കേന്ദ്രങ്ങൾ ആറിൽ നിന്ന് 36 ആയി. 75 വൈദികരാണ് ചിക്കാഗോ രൂപതയിൽ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നത്. 14 ഫൊറോനകളിലായി 90,000-ൽ അധികം അംഗങ്ങളുണ്ട്. പതിനായിരത്തിലധികം കുട്ടികളുടെ വിശ്വാസ പരിശീലനത്തിനായി 2800ൽ അധികം മതാധ്യാപകരും സേവനം ചെയ്യുന്നു. രൂപതയിലെ പുതിയ തലമുറയിൽ നിന്നും അഞ്ച് വൈദികരെ ലഭിച്ചു. 7 പേർ വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു. സമർപ്പിത ദൈവവിളികളും രൂപതയിൽ വർദ്ധിച്ചു വരുന്നുണ്ട്.

## പൗരോഹിത്യ സുവർണ്ണ ജൂബിലി, രജത ജൂബിലി ആഘോഷങ്ങൾ

തൃശൂർ അതിരൂപത

തൃശൂർ: ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് തൃശൂർ അതിരൂപതയിലെ വൈദികരുടെ 50 ഉം, 25 ഉം വർഷ ജൂബിലികൾ ആഘോഷിച്ചു. തൃശൂർ മൈനർ സെമിനാരിയിൽ എല്ലാവർഷവും നടക്കാറുള്ള ജൂബിലി ആഘോഷങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ച് തൃശൂർ ഡി ബി സി എൽ സി- യിലാണ് നടത്തിയത്.

അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന നാല് വൈദികരും പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന എട്ട് വൈദികരും സഹകാർമ്മികരായി. തുടർന്ന് ആർച്ച്ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ അനുമോദന യോഗവും നടന്നു. ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ പൗരോഹിത്യത്തിനുള്ള പ്രസക്തിയാണ് ഈ ജൂബിലി ആഘോഷങ്ങൾ സൂച്ചിപ്പിക്കുന്നതെന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പറഞ്ഞു.

അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾമാരായ മോൺ. തോമസ് കാക്കശ്ശേരി, മോൺ. ജോസ് വല്ലൂരാൻ, ചാൻസലർ ഫാ. ഡൊമിനിക്ക് തലക്കോടൻ, വൈദിക കൗൺസിൽ സെക്രട്ടറി ഫാ. ജോസ് കോനിക്കര ജൂനിയർ, ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട്, ഫാ. ജോയ് അടമ്പുകുളം എന്നിവർ സംസാരിച്ചു.





ഫാ. തോമസ് വടക്കേത്തല, ഫാ. ഡേവീസ് ചിറയത്ത് സീനിയർ, ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട്, ഫാ. സെബാസ്റ്റ്യൻ വാഴപ്പിള്ളി എന്നിവർ സുവർണ്ണ ജൂബിലിയും, ഫാ. ജോയ് അടമ്പുകുളം, ഫാ. ജോൺസൺ കുണ്ടുകുളം, ഫാ. പിണ്ടിയാൻ പോൾ, ഫാ. സെബി പുത്തൂർ, ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ, ഫാ. ജെയ്സൺ തെക്കുപുറം, ഫാ. തോമസ് വടക്കൂട്ട്, ഫാ. ജിജോ വള്ളൂപ്പാറ എന്നിവർ രജത ജൂബിലിയും ആഘോഷിച്ചു.

വൈദികവിദ്യാർത്ഥികളുടെ പഠനത്തിനും കോവിഡ് രോഗികളെ സഹായിക്കുന്നതിനുമുള്ള തുക രജത ജൂബിലി ആഘോഷിക്കുന്ന വൈദികർ ആർച്ച് ബിഷപ്പിന് കൈമാറി. അതിരൂപതയിലെ മറ്റ് വൈദികരും വിശ്വാസികളും ഓൺലൈ നായി ചടങ്ങിൽ പങ്കെടുത്തു.

## കർഷകരെ തള്ളിപ്പറയുന്നവർ രാജ്യത്തെ തള്ളിപ്പറയുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ രൂപത

പാലാ: കർഷക ദിനമായ ചിങ്ങം ഒന്നിന് ഇൻഫാം കോട്ടയം ജില്ലാ ഘടകത്തിന്റെ നേതൃത്വത്തിൽ കർഷക അവകാശ ദിനം ആചരിച്ചു. പാലായിൽ നടന്ന സമ്മേളനം രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കർഷകരെ തള്ളിപ്പറയുന്നവർ രാജ്യത്തെയാണ് തള്ളിപ്പറയുന്നതെന്നും, കർഷകന്റെ ഹൃദയം തകർത്താൽ രാജ്യത്തിന്റെ നെഞ്ചാണ് ഉരുകുന്നതെന്നും ബിഷപ് കല്ലറങ്ങാട്ട് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേരളത്തിന്റെ കൃഷിക്ക് അനുയോജ്യമായ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി പൂർവികർ കാത്തു സൂക്ഷിച്ച കാർഷിക സംസ്കാരം നിലനിർത്താനും നാണ്യവിളകളും ഭക്ഷ്യ വിളകളും കേരളത്തിൽതന്നെ ആവശ്യത്തിന് ഉൽപ്പാദിപ്പിക്കാനും കർഷകരെയും യുവാക്കളെയും സർക്കാരുകൾ പ്രത്യേകം സഹായിക്കണമെന്നും കല്ലറങ്ങാട്ട് പിതാവ് ആവശ്യപ്പെട്ടു.



ഭക്ഷ്യ ദാരിദ്ര്യമുള്ള നാട് എന്ന നിലവിലെ അവസ്ഥയിൽ നിന്നും ഭക്ഷ്യ സമൃദ്ധിയുള്ള നാട് എന്ന സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ സംസ്ഥാനം വളരണമെങ്കിൽ കർഷകരുടെ കരങ്ങൾ ശക്തിപ്പെടുത്തണമെന്ന് പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ ആശംസ പ്രസംഗത്തിൽ പറഞ്ഞു.

ഇൻഫാം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ കേരള സർക്കാരിന് സമർപ്പിക്കുന്ന കർഷക അവകാശ പ്രഖ്യാപനം നടത്തി. ഇൻഫാം രൂപത ഭാരവാഹികളും കർഷക പ്രതിനിധികളും യുവാക്കളും പ്ലക്കാർഡുകളുമായി അണിനിരന്നു.

## വൈദികന്റെ കോവിഡ് ബോധവൽക്കരണ ഷോർട്ട് ഫിലിമിന് അംഗീകാരം

മാനന്തവാടി രൂപത

കൽപ്പറ്റ: കോവിഡ് 19 ബോധവൽകരണ ഷോർട്ട് ഫിലിമിന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം മാനന്തവാടി രൂപതയിലെ വൈദീകൻ ഫാ. സജി പുതുകുളങ്ങരയ്ക്ക്. വയനാട് ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ളയാണ് പുരസ്കാരം സമ്മാനിച്ചത്. 'Be Careful മൂന്നാം തരംഗം' എന്ന ഷോർട് ഫിലിമാണ് മരകാവ് സെന്റ് തോമസ് ഇടവക വികാരിയായ ഫാ. സജിയെ അംഗീകാരത്തിന് അർഹനാക്കിയത്.

ഫാ. സജി പുതുകുളങ്ങര രചന നിർവഹിച്ച ഷോർട്ട് ഫിലിം മരകാവ് ഇടവകയുടെ 'Voice Of Nasrayen' യൂട്യൂബ് ചാനലിലൂടെ ജില്ലാ കളക്ടർ തന്നെയാണ് റിലീസ് ചെയ്തത്. കോവിഡ് 19 മൂന്നാം തരംഗത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് വിട്ടുകൊടുക്കാതിരിക്കാം എന്നതാണ് ചിത്രത്തിന്റെ പ്രധാന ആശയം. ഡോ. ജോമെറ്റ് പ്രൊഡക്ഷൻ കണ്ട്രോളറായും കെ സി തങ്കച്ചൻ പ്രൊഡക്ഷൻ കോർഡിനേറ്ററായും പിന്നണിയിൽ പ്രവർത്തിച്ചു.

ഷോർട്ട് ഫിലിം നിർമ്മാണത്തിലൂടെ ഇതിനു മുൻപും ശ്രദ്ധ പിടിച്ചുപറ്റിയ ഇടവകയാണ് മരകാവ്. വയനാട് ജില്ലയെ പ്രതികൂലമായി ബാധിക്കുന്ന ബഫർ സോൺ പ്രശ്നം മുഖ്യവിഷയമായി ഇടവക തയാറാക്കിയ ഹ്രസ്വ ചിത്രം നേരത്തേ സമൂഹ മാധ്യമങ്ങളിൽ തരംഗമായിട്ടുണ്ട്.



## 'സാൻജോ ഹൗസിങ് പ്രൊജക്റ്റ്': നൂറു കുടുംബങ്ങൾക്കുള്ള പാലക്കാട് രൂപതയുടെ ഭവന നിർമ്മാണ പദ്ധതി

പാലക്കാട് രൂപത



പാലക്കാട്: വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം, കുടുംബ വർഷം എന്നിവയുടെ പശ്ചാത്തലത്തിൽ രൂപതയിലെ ഏറ്റവും അർഹരായ 100 കുടുംബാംഗങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്ന 'സാൻജോ ഹൗസിങ് പ്രൊജക്റ്റ്' പാലക്കാട് രൂപത നടപ്പിലാക്കുന്നു. രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവാണ് പദ്ധതി പ്രഖ്യാപിച്ചത്. രൂപതയിലെ ഓരോ ഇടവകയിൽ നിന്നും ഏറ്റവും അർഹരായ ഓരോ കുടുംബത്തെ ഈ പദ്ധതിയിലേക്കായി തിരഞ്ഞെടുക്കും.

ഏഴ് ലക്ഷം രൂപ നിർമ്മാണ ചെലവിൽ 600 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള വീടുകളാണ് നിർമ്മിക്കുന്നത്. ഇതിൽ അഞ്ച് ലക്ഷം രൂപത നല്കും. ബാക്കി രണ്ടു ലക്ഷത്തിൽ ഒരു ലക്ഷം രൂപ ഗുണഭോക്താവും ഒരു ലക്ഷം രൂപ ഇടവകയും സമാഹരിക്കണം. ഒരു ഇടവകയിൽ നിന്ന് ഏറ്റവും അർഹമായ ഒരു അപേക്ഷയാണ് പരിഗണിക്കുക. സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങൾക്ക് സാൻജോ ഭവന നിർമ്മാണ പദ്ധതി കൈത്താങ്ങായി മാറും.

ആഗോള സഭ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം ആചരിക്കുമ്പോൾ പാലക്കാട് രൂപതക്ക് രൂപതാ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ വർഷാചരണം എന്ന സവിശേഷത കൂടിയുണ്ട്.

## കോതമംഗലം രൂപതയിൽ പുതിയ രണ്ട് ഫൊറോന ദേവാലയങ്ങൾ കൂടി

കോതമംഗലം രൂപത



കോതമംഗലം: രൂപതയിലെ കോതമംഗലം ഫൊറോന പുനക്രമീകരിച്ചു പുതിയ 2 ഫൊറോനകൾ നിലവിൽ വരുന്നു. പുതിയ ഫൊറോനകൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രിയിൽ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആയ ഓഗസ്റ്റ് 15 – ന് രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഒപ്പുവെച്ചു. സെപ്റ്റംബർ എട്ടിനാണ് പുതിയ ഫൊറോനകൾ ഔദ്യോഗികമായി നിലവിൽ വരുന്നത്.

നിലവിൽ കോതമംഗലം ഫൊറോനയിലുള്ള കുറുപ്പുംപടി, വെളിയേൽച്ചാൽ ഇടവകകളാണ് പുതിയ ഫൊറോനകളായി മാറുന്നത്. അജപാലന പദ്ധതികളും ക്രമീകരണങ്ങളും കാര്യക്ഷമമാക്കാനും തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി എന്നീ മലയോര പ്രദേശങ്ങളിലെ ആളുകളുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് പുതിയ തീരുമാനം എന്ന് ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വ്യക്തമാക്കി. പുതിയ രണ്ട് ഫൊറോനകൾ കൂടി നിലവിൽ വരുന്നതോടെ കോതമംഗലം രൂപതയിൽ 14 ഫൊറോനകളാകും.

# പ്രകൃതി പരിപോഷണം നമ്മുടെ ഓരോരുത്തരുടെയും കടമയാണ്: മാർ ജോസ് പൊരുന്നേടം

മാനന്തവാടി രൂപത

മാനന്തവാടി: ലോകം ഇന്ന് പാരിസ്ഥിതികമായി വലിയ വെല്ലുവിളികൾ നേരിടുകയാണെന്നും പ്രകൃതി പരിപോഷണം നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നും മാനന്തവാടി രൂപത അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം. മലബാർ മേഖലയിലെ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളിലെ ഡയറക്ടർമാർക്കും പ്രവർത്തകർക്കുമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്ന ദ്വിദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മനുഷ്യന്റെ പൊതു ഭവനമായ ഭൂമിയുടെ സുസ്ഥിതിക്കും ഭദ്രതയ്ക്കുമായി നമ്മെതന്നെ സമർപ്പിച്ചുകൊണ്ട് അതിന്റെ മനോഹാരിത സംരക്ഷിക്കത്തക്ക വിധത്തിൽ ജീവിതരീതിയിൽ മാറ്റം വരുത്തണമെന്നും പിതാവ് പറഞ്ഞു. ഫ്രാൻസിസ് മാർപാപ്പയുടെ 'അങ്ങേയ്ക്കു സ്തുതി' എന്ന ചാക്രിക ലേഖനം പ്രയോഗികമാക്കുന്നതിന്റെ ഭാഗമായി കേരള സോഷ്യൽ സർവീസ് ഫോറമാണ് ശില്പശാല സംഘടിപ്പിച്ചത്.





കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കാൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ മാനേജർ ഡോക്ടർ വി ആർ ഹരിദാസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൂട്ടാല, കാരിത്താസ് ഇന്ത്യ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗീസ് മറ്റമന, ഇക്യുറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ജെയിസ് ജോസ്, കേരള സോഷ്യൽ സർവീസ് ഫോറം ടീം ലീഡർ സിസ്റ്റർ ജെസീന, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ സംസാരിച്ചു. കോഴിക്കോട്, താമരശ്ശേരി, തലശ്ശേരി, കണ്ണൂർ, ബത്തേരി, മാനന്തവാടി രൂപതകളിലെ സാമൂഹ്യ സേവന പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുന്ന ഡയറക്ടർമാരും പ്രവർത്തകരും പരിശീലനത്തിൽ പങ്കെടുത്തു.

# ആധുനിക മാധ്യമങ്ങളെ സ്നാനപ്പെടുത്തണം: മാർ റാഫേൽ തട്ടിൽ

ഷംഷാബാദ് രൂപത

ഹൈദരാബാദ്: വരും തലമുറകൾ മാധ്യമ മേഖലയിലേക്ക് കടന്നു വന്നെങ്കിൽ മാത്രമേ ആധുനിക മാധ്യമങ്ങളെ സ്നാനപ്പെടുത്താൻ സഭയ്ക്ക് കഴിയൂ എന്ന് ഷംഷാബാദ് രൂപത ബിഷപ് മാർ റാഫേൽ തട്ടിൽ. മാധ്യമങ്ങളിൽ വളർന്നുവരുന്ന സഭാ വിരോധവും സഭാ നിന്ദയും മാധ്യമങ്ങൾ സഭയ്ക്ക് എതിരായതുകൊണ്ടല്ല, മറിച്ച് ആളുകളെ സ്നാനപ്പെടുത്തി എടുക്കാൻ സഭ കാണിക്കുന്ന തീക്ഷ്ണത മാധ്യമങ്ങളെ സ്നാനപ്പെടുത്താൻ ഇനിയും കാണിക്കുന്നില്ല എന്നതുകൊണ്ടാണെന്നും തട്ടിൽ പിതാവ് പറഞ്ഞു. രൂപതയിലെ യുവജന വിഭാഗമായ സാന്തോം യൂത്ത് മൂവ്മെന്റും മതബോധന വിഭാഗവും സംയുക്തമായി നടത്തിയ, 'മാധ്യമങ്ങൾ കത്തോലിക്കാ സഭയ്ക്ക് എതിരാണോ?' എന്ന സെമിനാറിൽ പങ്കെ ടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമലോകത്ത് ഇന്ന് ക്രിസ്ത്യൻ സാന്നിധ്യം വളരെ കുറഞ്ഞു പോയിരിക്കുന്നു. മാധ്യമ സാക്ഷരതയിൽ വിശ്വാസികളെ വളർത്തുന്നതിൽ സഭ പരാജയപ്പെട്ടു. ആധുനിക സാങ്കേതിക സംവിധാനങ്ങളുമായി അപ്ഡേറ്റ് ചെയ്യുന്നതിലും പരാജയമുണ്ടായി. വളർന്നുവരുന്ന തലമുറ കാലത്തിന് അനുസരിച്ച് സഭയെ മുന്നോട്ട് നയിക്കണമെന്നും മാർ റാഫേൽ തട്ടിൽ രൂപതയിലെ യുവജനങ്ങളെ ഓർമിപ്പിച്ചു.

മാധ്യമ ലോകത്തെ സഭയുടെ വെല്ലുവിളികൾ പോരായ്മകൾ സഭയുടെ മാധ്യമ ധർമ്മം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ ചോദ്യങ്ങൾക്ക് ദീപിക മാനേജിങ് ഡയറക്ടർ ഫാ. റോയ് കണ്ണഞ്ചിറ മറുപടി പറഞ്ഞു.




കത്തോലിക്കാ സഭയുടെ നന്മകളും, സമൂഹത്തിന് സഭ നൽകുന്ന സംഭാവനകളും എല്ലാവരിലേക്കും എല്ലാ ദിവസവും എത്തിക്കാനുള്ള ഒരു മാധ്യമ പശ്ചാത്തലം നിലനിർത്താൻ നമുക്ക് കഴിഞ്ഞില്ല. സഭാ നേതൃത്വവും അൽമായ സംഘടനകളും യുവജനങ്ങളും ഒരുമിച്ച് നമ്മുടെ ഇടയിൽ മാധ്യമ അവബോധം വളർത്തിയെടുക്കണമെന്നും ഫാ. റോയ് കണ്ണഞ്ചിറ പറഞ്ഞു.

സാന്തോം യൂത്ത് മൂവ്മെന്റ് രൂപതാ ഡയറക്ടർ ഫാ. ജിനോ ഇഞ്ചപ്ലാക്കൽ, രൂപതാ കാറ്റിക്കിസം ഡയറക്ടർ ഫാ. സോജി മുണ്ടുപാലം എന്നിവർ സെമിനാറിന് നേതൃത്വം നൽകി. രൂപത വികാരി ജനറാൾ മോൺ. അബ്രഹാം പാലത്തിങ്കൽ, റീജിയണൽ ഡയറക്ടർമാരായ വൈദികർ, ആനിമേറ്റേഴ്സ എന്നിവരും സൺഡേ സ്കൂൾ അധ്യാപകരും ഓൺലൈനായി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു.






ബെൽത്തങ്ങാടി രൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ഭക്ഷ്യകിറ്റ് വിതരണം

ബെൽത്തങ്ങാടി രൂപത

(3 – ാം പേജിൽ നിന്നും തുടർച്ച)

## ഇടയലേഖനം

ന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമ വത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

സി. എം. ഐ.
കോൺഗ്രിഗേഷൻ

# ഫാ. തോമസ് കൊല്ലംപറമ്പിൽ CMI വത്തിക്കാൻ ബിഷപ്സ് സിനഡിന്റെ ദൈവശാസ്ത്ര സമിതി അംഗം



കാക്കനാട്: 2021 ഒക്ടോബറിൽ വത്തിക്കാനിൽ ആരംഭിക്കുന്ന ബിഷപ്സ് സിനഡിന്റെ ദൈവശാസ്ത്ര സമിതിയിലെ ഇന്ത്യയിൽ നിന്നുള്ള അംഗമായി ധർമ്മാരാം കോളേജ് ദൈവശാസ്ത്ര പഠന കേന്ദ്രത്തിലെ റവ. ഡോ. തോമസ് കൊല്ലംപറമ്പിൽ CMI യെ നിയമിച്ചു. സിനഡിനായി 22 അന്തർദ്ദേശീയ അംഗങ്ങളുള്ള ദൈവശാസ്ത്ര സമിതിയെ ആണ് വത്തിക്കാൻ നിയമിച്ചിട്ടുള്ളത്.

സമിതിയിൽ ഏഷ്യയിൽ നിന്നുള്ള മറ്റ് അംഗങ്ങൾ ഫാ. വിമൽ തിരിമണ്ണാ (ശ്രീലങ്ക), പ്രൊ. എസ്ത്തേള്ളാ പടീല (ഫിലിപ്പൈൻസ്) എന്നിവരാണ്. സിനഡിന്റെ വിവിധ തലത്തിലുള്ള ഒരുക്കങ്ങൾക്കായി ഈ ദൈവശാസ്ത്ര സമിതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

'സിനഡലായ തിരുസഭ: കൂട്ടായ്മ, പങ്കുചേരൽ, സുവിശേഷ ദൗത്യം' എന്നതാണ് ഒക്ടോബറിൽ ആരംഭിക്കുന്ന സിനഡിന്റെ വിഷയം. കത്തോലിക്കാ സഭയുടെ രൂപതാതലം, പ്രാദേശിക തലം, ദേശീയതലം, ഭൂഖണ്ഡതലം, എന്നീ നിലകളിലുള്ള ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനും ശേഷം 2023 ഒക്ടോബറിൽ സിനഡ് സമാപിക്കും.

സി. എം. സി.
കോൺഗ്രിഗേഷൻ



മഹാത്മാഗാന്ധി നാഷണൽ കൗൺസിൽ ഓഫ് റൂറൽ എഡ്യുക്കേഷൻ ഏർപ്പെടുത്തിയ വൺ ഡിസ്ട്രിക്റ്റ് വൺ ഗ്രീൻ ചാമ്പ്യൻ അവാർഡ് പാലക്കാട് സബ് കളക്ടർ ഡോ. അശ്വതി ശ്രീനിവാസനിൽ നിന്ന് പാലക്കാട് മേഴ്സി കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഗിസല്ലയും എസ് ഇ എസ് ആർ ഇ സി കോർഡിനേറ്റർ ഡോ. നിളയും ചേർന്ന് ഏറ്റുവാങ്ങി.

## സ്മാർട്ട് കിഡ്സ് ഗ്രൂപ്പ്

ആലുവ: സിഎംസി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സ്മാർട്ട് കിഡ്സ് ഗ്രൂപ്പിൽ അംഗങ്ങളായ കുട്ടികൾക്ക് ക്രൈസ്തവ മൂല്യങ്ങളിൽ വളരുവാനുള്ള പരിശീലനം നല്കുന്നു. സ്നേഹം, സത്യസന്ധത, പങ്കുവെക്കൽ, സൗഹൃദം എന്നിവയിൽ വളരുവാനുള്ള വിവിധ പരിശീലനങ്ങളാണ് നല്കിവരുന്നത്. കുട്ടികളുടെ സമഗ്രവികസനവും വളർച്ചയും സാധ്യമാക്കുന്നതിനായി കുട്ടികളെ ഒരുമിച്ചുചേർത്ത് രൂപീകരിച്ചിട്ടുള്ള വിവിധ ഗ്രൂപ്പുകൾ ഇടവകകളിൽ പ്രവർത്തിച്ചുവരുന്നു. മുൻപ് 80 കുട്ടികൾ ഉണ്ടായിരുന്ന ഈ സംഘടനയിൽ കൊറോണ കാലഘട്ടത്തിൽ എണ്ണൂറോളം കുട്ടികളായി.

SISTERS OF
KRISTU DASIS

# Women's Welfare Association Supplies 'Daily Bread'

Thomattuchal: 'Daily Bread' is a food brand developed by Women's Welfare Association, a wing of Society of Kristu Dasis. One of the comprehensive intervention of WWA is Samastha food processing unit in Wayanad. The food products from this unit are available with the brand name 'Daily Bread'.

Promotion and use of healthy food without adding any dangerous preservatives, is the major objective of this firm. This unit creates employment opportunity to very needy women from economically backward families and women headed family.

Women's Welfare Association is a wing of Sisters of Society of Kristu Dasis for its social involvement. WWA is located at Thomattuchal in Ambalavayal Gramapanchayat of Wayanad district of Kerala.

It integrates rural people irrespective of religion, caste, creed, color and political leaning. It also improves the quality of life and living of village communities. Women from different walks of life are members of its general body and Director Board. WWA has grown with the support of Sisters of the Society of Kristu Dasis.



The Samastha unit creates indirect job opportunities for many others. The unit focuses the better employment opportunity for women as part of their empowerment.

Objectives of this food processing unit is to ensure better and healthy lifestyle by giving best and finest products, dissemination of nutritional knowledge among the people, to give social support to the women bread winners by giving assistance and job opportunity.

# ദൈവകരുണയെ പ്രഘോഷിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട PDM Clerical Pious Union, PDM Monastery ആയി ഉയർത്തപ്പെട്ടു

PDM
MONASTERY

അട്ടപ്പാടി: Clerical Pious Union ആയിരുന്ന Preachers of Divine Mercy - PDMനെ മാർ ജേക്കബ് മനത്തോടത്ത് പിതാവ് PDM Monastery ആയി ഉയർത്തി. സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ അനുവാദത്തോടു കൂടെയാണ് 2021 മെയ് 30ന് മനത്തോടത്ത് പിതാവ് Monastery ആയി ഉയർത്തി ക്കൊണ്ടുള്ള ഡിക്രി പുറപ്പെടുവിച്ചത്.

2018 ഏപ്രിൽ 24 നാണ് പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് തന്റെ കൽപന വഴി ഭാവിയിൽ Monastery ആയി ഉയർത്തപ്പെടാനുള്ള ലക്ഷ്യത്തോടെ PDM സമൂഹത്തെ Clerical Pious Union ആയി സ്ഥാപിച്ചത്.

അവസാനത്തെ ആത്മാവിനെയും തേടിപ്പിടിച്ച് ദൈവത്തിലേയ്ക്ക് അടുപ്പിക്കുവാനും ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി ആത്മാർപ്പണം ചെയ്യുവാനും വിളിയ്ക്കപ്പെട്ട PDM അംഗങ്ങൾ ഈ ദൗത്യ പൂർത്തീകരണത്തിനായി ആദ്ധ്യാത്മികത, പ്രാർത്ഥന, പരിഹാരം, വിടുതൽ ശുശ്രൂഷ, വചന ശുശ്രൂഷ, താപസ ജീവിതം, വ്രതബദ്ധമായ സമൂഹജീവിതം തുടങ്ങിയവയിലൂടെ ദൈവകാരുണ്യത്തിന്റെ പ്രഘോഷകരായി വളർന്നുകൊണ്ടിരിക്കുന്നു.

പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ്, ഫാ. സേവ്യർ ഖാൻ വട്ടായിൽ, ഫാ. ബിനോയി കരിമരുതിങ്കൽ, സി. എയ്മി എമ്മാനുവേൽ തുടങ്ങിയ ആത്മപാലകർക്ക് വർഷങ്ങൾക്ക് മുൻപ് അനുഭവപ്പെട്ട ആന്തരികവിളിയുടെയും ദൈവപിതാവിന്റെ ആഹ്വാനത്തിനും പ്രത്യുത്തരമായാണ് PDM എന്ന താപസ സമൂഹത്തിന് ആരംഭം കുറിച്ചത്.

# പുതിയ ദൗത്യവുമായി യുവവൈദികർ പഞ്ചാബ് മിഷനിലേക്ക്

എം. എസ്. പി.
കോൺഗ്രിഗേഷൻ

പഞ്ചാബ്: എം എസ് പി വൈദിക സമൂഹത്തിലെ മൂന്ന് യുവ വൈദീകർ ഫരീദാബാദ് രൂപതയ്ക്ക് കീഴിലുള്ള പഞ്ചാബ് മിഷനിലെ സേവനത്തിനായി നിയോഗിക്കപ്പെട്ടു. ഫാ. എബിൻ കവുംങ്ങുംപാറയിൽ, ഫാ. റോണി വെച്ചുപറമ്പിൽ, ഫാ. എബിൻ ഇറപുറത്ത് എന്നീ വൈദികരാണ് പുതിയ മിഷൻ ദൗത്യവുമായി പഞ്ചാബിൽ എത്തിയത്. ഒന്നര മാസത്തെ പഞ്ചാബി ഭാഷ പഠനത്തിനു ശേഷം വിവിധ മിഷൻ കേന്ദ്രങ്ങളിലേക്ക് ഇവർ നിയമിതരായി. സിറോമലബാർ ക്രമത്തിൽ പഞ്ചാബി ഭാഷയിലാണ് ഇവർ വിശുദ്ധ ബലി അർപ്പിക്കുന്നത്.

പഞ്ചാബിൽ പുതിയതായി തുടങ്ങിയ സുനാം എന്ന മിഷൻ സ്റ്റേഷനിൽ ആണ് ഫാ. എബിൻ കവുങ്ങുംപാറയിൽ നിയമിതനായത്. ആദ്യമായി തുടങ്ങുന്ന ഒരു മിഷൻ സ്റ്റേഷന്റെ എല്ലാ ഉത്തരവാദിത്വങ്ങളും വെല്ലുവിളികളും ഏറ്റെടുത്ത് ക്രിസ്തുവിനുവേണ്ടി പ്രേഷിത വേല ചെയ്യുകയാണ് ഫാ എബിൻ. വാടകക്ക് താമസിക്കുന്ന ഒരു വീട്ടിലാണ് വിശുദ്ധ ബലി അർപ്പിക്കുന്നത്.

ഫാ. റോണി വെച്ചുപറമ്പിൽ പാക്കിസ്ഥാൻ അതിർത്തിക്കടുത്തുള്ള പന്നിവാല എന്ന മിഷൻ സ്റ്റേഷനിൽ ആണ് നിയമിക്കപ്പെട്ടത്. എല്ലാ വൈകുന്നേരങ്ങളിലും വീടുകളിൽ പ്രാർത്ഥനയും ഞായറാഴ്ച എല്ലാവരും പള്ളിയിൽ ഒത്തുചേർന്ന് വിശുദ്ധ ബലി അർപ്പിക്കുയും ചെയ്യുന്നു. മൂന്ന് വൈദീകരാണ് ഇവിടെ ശുശ്രൂഷ ചെയ്യുന്നത്.



ഫാ. എബിൻ ഇറപുറത്ത് നിയമിതനായിരിക്കുന്നത് മുഡ്കി എന്ന മിഷൻ സ്റ്റേഷനിലാണ്. വാടകക്ക് താമസിക്കുന്ന വീട്ടിലാണ് ഇവിടെയും വിശുദ്ധ ബലി അർപ്പിക്കുന്നത്. സ്വന്തമായി ഒരു പള്ളി പണിയുവാനുള്ള ഒരുക്കങ്ങൾ ഇവിടെ നടന്നു കൊണ്ടിരിക്കുന്നു. ഇതു കുടാതെ 30 കിലോമീറ്റർ അകലെയായി മാനേവാല എന്ന മറ്റൊരു മിഷൻ സ്റ്റേഷൻ കൂടി മുഡ്കി സ്റ്റേഷന്റെ ഭാഗമായുണ്ട്. വൈദികരേയും സന്യസ്തരേയും ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് പഞ്ചാബിൽ ഉള്ളത്.

SD CONGREGATION

## ഗോംഗ് കുന്നിന്റെ താഴ്‌വരയിൽ തുടക്കമിട്ട എസ് ഡി സിസ്റ്റേഴ്സിന്റെ വിദേശ മിഷൻ

കെനിയ: ഗോംഗ് രൂപതയിലെ കിബിക്കോ എന്ന ഗ്രാമത്തിൽ സി എം ഐ വൈദികർ ആരംഭിച്ച ചാവറ പ്രൈമറി സ്കൂളിലെ ഒരു ക്ലാസ് മുറിയിലാണ് എസ് ഡി സിസ്റ്റേഴ്സിന്റെ കെനിയയിലെ വിദേശ മിഷന് തുടക്കമിട്ടത്. കിഴക്കൻ ആഫ്രിക്കൻ രാജ്യമായ കെനിയയിലെ രണ്ട് സ്കൂളുകളിലും വില്ലേജുകളിലുമായി സേവനം ചെയ്യുന്നത് എസ് ഡി സന്യാസ സമൂഹത്തിലെ അഞ്ച് സഹോദരിമാരാണ്. ഇവിടത്തെ ജനതയ്ക്ക് നിരന്തര പരിശ്രമത്തിലൂടെ സത്യവിശ്വാസവും സദാചാര മൂല്യവും പകർന്നു നൽകാൻ ഈ സഹോദരിമാർക്ക് സാധിച്ചു.

എസ് ഡി സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടമായി കെനിയയിലെ ഗുഗ എന്ന സ്ഥലത്തെ സ്കൂൾ അധ്യാപികയായിരുന്ന ലൂസി പീറ്റർ എസ് ഡി സഭയുടെ സന്യാസാർത്ഥിനിയായി ചേരുകയും 2021 ജൂലൈ 28ന് മഡഗാസ്കറിലെ നോവിഷ്യേറ്റിൽ പ്രവേശിക്കുകയും ചെയ്തു.

2013 നവംബർ മൂന്നിനാണ് എസ് ഡി സന്യാസസഭയുടെ സെൻറ് മേരീസ് പ്രൊവിൻസിലെ സഹോദരിമാർ കെനിയയിലേക്ക് പുറപ്പെട്ടത്. കിബിക്കോയിലെ സെന്റ് ആൻസ് ഇടവക പള്ളിയുടെ സമീപത്തെ ചാവറ സ്കൂളിൽ പഠിപ്പിച്ചും ഇടവകയിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും അജപാലന ശുശ്രൂഷ നടത്തിയും വരുന്നു.

മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട സിംഗിൾ പാരന്റ്







ആയ കുട്ടികൾക്കും, മദ്യപാനികൾക്കും വേണ്ടി പ്രത്യേക പ്രാർത്ഥനയും കൗൺസിലിംഗും നടത്തിയും, ഭവന സന്ദർശനങ്ങളിലൂടെയും നിരവധി പേരെ ദൈവസ്നേഹത്തിന്റെ വഴിയിൽ എത്തിച്ചു. എസ് ഡി സിസ്റ്റേഴ്സിന്റെ പരിശീലനത്തിലൂടെ സ്കൂളിലെ കുട്ടികൾ പഠനത്തിലും കലാകായിക രംഗങ്ങളിലും മികവുള്ളവരായി. സെന്റ് ആൻ ഇടവകയിലെയും അയൽ ഇടവകകളിലെയും ജനങ്ങൾക്ക് ഇന്ന് എസ് ഡി സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ലഭിച്ചു വരുന്നു.

കെനിയയിലെ മച്ചാക്കോസ് രൂപതയിലെ ഗുഗ ഹോളി സ്പിരിറ്റ് ഇടവകയിൽ ആരംഭിച്ച സെന്റ് ചാവറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പ്രിൻസിപ്പൽ ഉൾപ്പെടെ 2 സിസ്റ്റർമാർ സേവനം ചെയ്തു വരുന്നു. സി എം ഐ വൈദികരോടൊപ്പം ദിവ്യബലിയിൽ വിശുദ്ധ കുർബാന നൽകാനും വചന വ്യാഖ്യാനം നൽകാനും സിസ്റ്റേഴ്സ് സഹായിക്കുന്നു. ഭവന സന്ദർശനവും രോഗീ സന്ദർശനവും നടത്തിവരുന്നു.

ഡി.എസ്.ടി. കോൺഗ്രിഗേഷൻ

## ഡി എസ് ടി ആദ്യ ബാച്ച് സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി

ഭരണങ്ങാനം: ഡി എസ് ടി സന്യാസിനി സമൂഹത്തിലെ ആദ്യ ബാച്ചിലെ 20 സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷം ജൂലൈ 5 ന് നടന്നു. ഭരണങ്ങാനം ജനറലേറ്റു ഭവനത്തിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് സീറോമലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് കാർമ്മികത്വം വഹിച്ചു. സീറോമലബാർ ദളിത് വികാസ് സൊസൈറ്റിയുടെ സെക്രട്ടറി റവ. ഫാ. സിജു അഴകത്ത് സഹകാർമ്മികനായിരുന്നു.



25 പേരാണ് ആദ്യ ബാച്ചിൽ സന്യാസ വസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയിരുന്നത്. ഇതിൽ 5 പേർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ശേഷിക്കുന്ന 20 പേരാണ് ചടങ്ങിൽ പങ്കെടുത്തത്.

സി.എസ്.സി. കോൺഗ്രിഗേഷൻ

## ആദ്യ വ്രതാർപ്പണവും സഭാവസ്ത്ര സ്വീകരണവും

തൃശൂർ: കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ തൃശൂർ മരിയ പ്രൊവിൻസിലെ നൊവീസസ് സ്റ്റെനി വിൽസൺ, ത്രേസ്യ റാണി എന്നിവരുടെ ആദ്യ വ്രതാർപ്പണവും സഭാ വസ്ത്ര സ്വീകരണവും ആഗസ്റ്റ് 14ന് നടന്നു. കൂർക്കഞ്ചേരി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന വിശുദ്ധ കുർബാനയ്ക്കും തിരുക്കർമ്മങ്ങൾക്കും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു. റവ. ഫാ. പോൾ പിണ്ടിയാൽ സഹകാർമ്മികനായിരുന്നു.



CSM CONGREGATION

## വിശുദ്ധ മർത്തായുടെ തിരുനാൾ ആഘോഷവും യൂട്യൂബ് ചാനൽ ഉദ്ഘാടനവും



തൃശൂർ: സി എസ് എം കോൺഗ്രിഗേഷന്റെ മധ്യസ്ഥയായ വിശുദ്ധ മർത്തായുടെ തിരുനാൾ ജൂലൈ 29 ന് ഭക്തിനിർഭരമായി ആഘോഷിച്ചു. മണ്ണംപേട്ട കൃപാഭവൻ ജനറലേറ്റിൽ വൈകിട്ട് അഞ്ചിന് തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് കൃതജ്ഞതാ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

സിസ്റ്റർ ഹെലൻ മാത്യുവിന്റെ സിൽവർ ജൂബിലി ആഘോഷവും, 'സി എസ് എം വിഷൻ' എന്ന യൂട്യൂബ് ചാനലിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

SH CONGREGATION

## കോവിഡ് പ്രതിസന്ധിയിൽ കൈത്താങ്ങുമായി തിരുഹൃദയ സന്യാസിനിമാർ

കോട്ടയം: തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ എസ് എച്ച് ജനറലേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി. ആദ്യ ഘട്ടമായി വിജയപുരം പഞ്ചായത്തിലെ മാങ്ങാനം ലക്ഷം വീട് കോളനി, കളമ്പുകാട്ട് കുന്ന് എന്നിവിടങ്ങളിൽ മാസ്ക്, വേപ്പറൈസർ, പൾസ് ഓക്സിമീറ്റർ എന്നിവ അടങ്ങിയ



കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു. ഓക്സിജൻ കോൺസൻട്രേറ്റർ ഇല്ലാതിരുന്ന 4 വൃദ്ധസദനങ്ങൾക്ക് അതിനുള്ള തുകയും കൈമാറി.

സുപ്പീരിയർ ജനറൽ മദർ അൽഫോൻസ തോട്ടുങ്കൽ, ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റി ഡയറക്ടർ സി. റോസ് പുളിക്കീൽ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ പ്രൊവിൻസുകളിലും നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി, ഭാവി പരിപാടികളും ആസൂത്രണം ചെയ്തു.

കോവിഡ് മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കാനായി തുടർച്ചയായി തിരുഹൃദയ സന്യാസിനിമാർ കോവിഡ് പ്രതിരോധ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചുവരുന്നു.

ഇതു കൂടാതെ എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച മൂന്ന് കുട്ടികൾക്ക് ക്യാഷ് അവാർഡ് സമ്മാനിച്ചു. സാരഥി ഓട്ടോ ഡ്രൈവേഴ്സ് മീറ്റിംഗിൽ വച്ചാണ് തുക കൈമാറിയത്.

CST FATHERS CONGREGATION

## ചെറുപുഷ്പ സഭ ജനറൽ സിനാക്സിസ് രണ്ടാം ഘട്ടം

തൃക്കാക്കര: ചെറുപുഷ്പ സഭയുടെ ജനറൽ-പ്രൊവിൻസ് തലങ്ങളിൽ സിനാക്സിസിന്റെ രണ്ടാം ഘട്ടം പൂർത്തീകരിച്ചു. ആഗസ്റ്റ് 9 മുതൽ 12 വരെയായിരുന്നു ജനറൽ സിനാക്സിസിന്റെ രണ്ടാം ഘട്ടം നടന്നത്. കോവിഡാനന്തര കാലഘട്ടത്തിൽ സഭയുടെ അജപാലന പ്രവർത്തനങ്ങളും ആഗോള മിഷൻ പ്രവർത്തനങ്ങളും മുന്നിൽ കണ്ടുകൊണ്ട് നവീനമായ പദ്ധതികൾ വിഭാവനം ചെയ്തു. ഏഷ്യൻ ആഫ്രിക്കൻ മിഷനുകൾ വിപുലപ്പെടുത്താനുള്ള തീരുമാനങ്ങളും സിനാക്സിസിൽ ഉണ്ടായി.

# കാരുണ്യ സ്പർശവുമായ് ഡൊമിനിക്കൻ സിസ്റ്റേഴ്സ്

ഡൊമിനികൻ സിസ്റ്റേഴ്സ്

മണ്ണാർക്കാട്: പ്രതിസന്ധിയുടെ കോവിഡ് കാലത്ത് ദൈവിക ഇടപെടലുകളിലൂടെ അനേകർക്ക് കരസ്പർശമാകുവാൻ ഡൊമിനിക്കൻ സിസ്റ്റേഴ്സിന് സാധിച്ചു. കോവിഡ് രോഗികൾക്ക് വേണ്ടി പൾസ് ഓക്സീമീറ്റർ, മാസ്ക്, സാനിറ്റൈസർ എന്നിവയടങ്ങിയ പ്രതിരോധ




കിറ്റുകൾ വിതരണം ചെയ്തു. സമീപ പ്രദേശത്തെ കോളനിയിൽ താമസിക്കുന്നവർക്കും, ദരിദ്രരായ ജനങ്ങൾക്കും ഭക്ഷ്യ വസ്തുക്കളും, ഭക്ഷ്യധാന്യകിറ്റുകളും വിതരണം ചെയ്തു.

മണ്ണാർക്കാട് നഗരസഭയ്ക്ക് കീഴിൽ ഒരുക്കിയ സമൂഹ അടുക്കളയിലേക്ക് സൗജന്യമായി ഭക്ഷണസാധനങ്ങൾ എത്തിച്ചു നൽകി. ഒരാഴ്ചയോളം അവിടെ ഭക്ഷണം ഒരുക്കുന്നതിനും ഭക്ഷണ പൊതികൾ ക്രമീകരിക്കുന്നതിനും സിസ്റ്റേഴ്സ് മുൻകൈയ്യെടുത്ത് പ്രവർത്തിക്കുകയും ചെയ്തു. കൂടാതെ സ്നേഹസ്പർശം എന്ന ദുരിതാശ്വാസ നിധിയിലേയ്ക്ക് തങ്ങളാൽ കഴിയുന്ന സംഭാവനയും നൽകി. ഡൊമിനിക്കൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറാൾ സിസ്റ്റർ ടെസി കാച്ചപ്പിള്ളി അസിസ്റ്റന്റ് ജനറാൾ സിസ്റ്റർ മോൺസി എന്നിവരാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



പാലക്കാട് ഈസ്റ്റ് വെണ്ണക്കരയിൽ ആരംഭിച്ച ഡോമിനിക്കൻ സിസ്റ്റേഴ്സിന്റെ പുതിയ കോൺവെന്റിന്റെ വെഞ്ചിരിപ്പ് രൂപതാധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നിർവഹിക്കുന്നു.

# ദൈവദാസൻ ജോസഫ് കണ്ടത്തിൽ മെമ്മോറിയൽ ശാലോം കൗൺസിലിംഗ് സെന്റർ

ASMI CONGREGATION (GREEN GARDEN)

ചേർത്തല: മുട്ടം സെന്റ് മേരീസ് ഫൊറോന ദേവാലയത്തിന്റെ സമീപത്തായി അമലോൽഭവ മാതാവിന്റെ അസ്സിസി സമൂഹം പുതിയതായി ഒരു കൗൺസിലിംഗ് സെന്ററിനു തുടക്കം കുറിച്ചു. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കിയാണ് ദൈവദാസൻ ജോസഫ് കണ്ടത്തിലിന്റെ സ്മരണയ്ക്കായി ശാലോം കൗൺസിലിങ് സെന്റർ ആരംഭിച്ചിട്ടുള്ളത്. ഓഗസ്റ്റ് ആറാം തീയതി നടന്ന ചടങ്ങിൽ റവ. ഫാ. പോൾ കാരാച്ചിറ കൗൺസിലിംഗ് സെന്ററിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. സുപ്പീരിയർ ജനറലും കൗൺസിലേഴ്സും മറ്റ് സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായിരുന്നു




# ദിവ്യകാരുണ്യ ആരാധന സന്യാസിനിമാരുടെ പുതിയ ഭവനം ബ്രസീൽ മിഷനിൽ

SABS CONGREGATION

ബ്രസീൽ: ദിവ്യകാരുണ്യ ആരാധന സന്യാസിനി സമൂഹത്തിന്റെ കേന്ദ്ര ഭവനമായ സെനക്കളിൽ നിന്നും ബ്രസീൽ മിഷനിലെ മൂന്നാമത്തെ ഭവനം ഓറിഞ്ഞൂസ് രൂപതയിലെ ഷവാന്റിസ് എന്ന സ്ഥലത്ത് ആരംഭിച്ചു. സിസ്റ്റർ റാണിറ്റ് കല്ലികുഴിയിൽ, സിസ്റ്റർ റെയ്ന എടത്തിപറമ്പൻ, സിസ്റ്റർ ഗ്രേസ് തുടങ്ങിയവരാണ് ഇവിടെ സേവനം ചെയ്യുന്നത്.



മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട അനേകം യുവജനങ്ങൾ ഷവാന്റിസ് പ്രദേശത്തുണ്ട്. അവരെ നേർവഴിക്ക് നയിക്കുകയും, അവർക്കായി ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്യുക എന്നതിനാണ് സിസ്റ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുന്നത്.



# കോവിഡ് രോഗികൾക്കിടയിൽ സേവനം ചെയ്ത് കപ്പൂച്ചിൻ സഹോദരന്മാർ

OFM CAPUCHIN





ആലുവ: പെരുമ്പാവൂരിലെ സാൻജോ ആശുപത്രിയിൽ ഒരു മാസത്തിലധികം കൊവിഡ് രോഗികളെ ശുശ്രൂഷിച്ചുകൊണ്ട് കപ്പൂച്ചിൻ സഹോദരന്മാർ നിസ്വാർത്ഥ സേവനം ചെയ്തു. ബ്രദർ ഗ്ലെസിൻ കൂള, ബ്രദർ മിഥുൻ പണിക്കംവേലി, ബ്രദർ ജെയിംസ് കൊച്ചുപറമ്പിൽ, ബ്രദർ അമൽ ലൂക്കാ, ബ്രദർ ഗോഡ്‌വിൻ ചെമ്മണ്ട, ബ്രദർ നോബർട്ട് കവലക്കാട്ട് തുടങ്ങിയവരാണ് കോവിഡ് രോഗികൾക്കിടയിൽ സേവനം ചെയ്തത്. ആലുവ സെന്റ് തോമസ് കപ്പൂച്ചിൻ പ്രോവിൻസിലെ അംഗങ്ങളാണ് ഇവരെല്ലാം.

MMB BROTHERS CONGREGATION

# Bro. Sojan Paikada - New Provincial Superior of Assisi Province

Bhopal: The 9th Provincial Synaxis of the Assisi Province of the Congregation of the Malabar Missionary Brothers elected Rev. Bro. Sojan Paikada as the new Provincial Superior. The Synaxis was held at Assisi Provincialate, Bhopal from July 21-25, 2021. He was working as the provincial treasurer and the postulant's master. Formerly he had served as the vicar provincial and the provincial councillor.

Bro. Sojan Paikada hails from Thayyeni, a rural parish of Thalassery Archeparchy. He joined the congregation in 1990 and made his first profession on May 07, 1994. His final profession was in the year 1999. He secured the Master Degree in Catechesis and Spirituality from Pontifical Urban University, Rome.



His younger brother, Manual is serving as the member of St. Thomas Province of the Congregation.

Rev. Bro. Tom Alan was elected as the Vicar Provincial. Bro. Antony Pynumkal, Bro. Mariadas Chittilappilly, and Bro. Bosco Nellamkuzhiyil were elected as provincial councillors. Rev. Bro. Bastin Karuvelil (Superior General), Bro. Jose Chungath (Provincial Superior), of St. Thomas Province and the outgoing provincial superior Rev. Bro. Sunnylal Avarappattu, congratulated the newly elected Provincial Superior and his team.

# നിർമ്മല മെഡിക്കൽ സെന്ററിൽ സൈക്യാട്രി വിഭാഗം ആരംഭിച്ചു

FCC CONGREGATION

മൂവാറ്റുപുഴ: കോവിഡ് കാലഘട്ടത്തിൽ അനേകർക്ക് അത്താണിയായി മാറിയ നിർമ്മല മെഡിക്കൽ സെന്ററിൽ 22 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടെ സൈക്യാട്രി വിഭാഗം ആരംഭിച്ചു. കോവിഡ് പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കുട്ടികൾക്കും കൗമാരക്കാർക്കും യുവജനങ്ങൾക്കും പ്രത്യേക കരുതലും, സ്വഭാവരൂപീകരണത്തിന് ആവശ്യമായ കൗൺസിലിംഗ് ക്ലാസുകളും ഇവിടെ നൽകിവരുന്നുണ്ട്.

ഓൺലൈനായി സ്കൂളുകളിലും ഇടവകകളിലും ഇത്തരം ക്ലാസുകൾ നിർമല മെഡിക്കൽ സെന്റർ ലഭ്യമാക്കുന്നുണ്ട്. വിവിധ പ്രശ്നങ്ങളിലൂടെയും പ്രതിസന്ധിയിലൂടെയും കടന്നുപോകുന്നവരെയും, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെയും ബോധ






വൽക്കരിക്കാൻ ആവശ്യമായ ക്ലാസ്സുകളും സെമിനാറുകളും ഇവിടെ നടത്തിവരുന്നുണ്ട്. തകർന്നുപോയ നിരവധി കുടുംബങ്ങളെ കൗൺസിലിങ്ങിലൂടെ വീണ്ടെടുക്കാനും സാധിച്ചിട്ടുണ്ട്. ആവശ്യക്കാർക്ക് കൗൺസിലിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ലോക മാനസിക ആരോഗ്യ ദിനവും ലഹരിവിരുദ്ധദിനവും നിർമല മെഡിക്കൽ സെന്ററിന്റെ നേതൃത്വത്തിൽ ആചരിച്ചിരുന്നു. അനേകരെ നല്ല മൂല്യബോധമുള്ളവരായി വളർത്തിയെടുക്കാനും ഉത്തമ വ്യക്തിത്വത്തിന് ഉടമകളായി മാറ്റുവാനും ദൈവാശ്രയബോധത്തിലേക്ക് നയിക്കുവാനും നിർമല മെഡിക്കൽ സെന്ററിന് സാധിക്കുന്നുണ്ട്.

# സിനഡ് തീരുമാനത്തിന് പൂർണ പിന്തുണ: കത്തോലിക്ക കോൺഗ്രസ്

കൊച്ചി: നവീകരിക്കപ്പെട്ട കുർബാന ക്രമം നടപ്പിൽ വരുത്താനുള്ള സീറോമലബാർ സഭാ സിനഡ് തീരുമാനത്തിന് പൂർണ പിന്തുണ പ്രഖ്യാപിക്കുന്നതായും ഇതിനെതിരെയുള്ള പ്രവർത്തികൾ വിശ്വാസവിരുദ്ധമാണെന്നും അത് നിയന്ത്രിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി.

നാല് പതിറ്റാണ്ടുകളായി വിവിധ തലങ്ങളിൽ ആലോചിച്ചും ചർച്ചകൾ നടത്തിയും എടുത്ത കുർബാന ക്രമമാണ് മാർപാപ്പ അംഗീകരിച്ചു നൽകിയിരിക്കുന്നത്. ഇത് നടപ്പിലാക്കാനുള്ള സിനഡ് തീരുമാനം അനുസരിക്കാൻ എല്ലാവർക്കും ബാധ്യതയുണ്ട്. വിശ്വാസസമൂഹത്തിന്റെ പൊതുവായ ഐക്യത്തിനും കെട്ടുറപ്പിനും ഇത് ഉപകരിക്കും. തെറ്റായ പ്രചരണങ്ങളിലൂടെയും പ്രതികരണങ്ങളിലൂടെയും ദുർമാതൃക നൽകുന്ന വൈദികരുൾപ്പെടെയുള്ളവർ വിശ്വാസ സമൂഹത്തിനാപത്താണ്. അനുസരണവും വിധേയത്വവും ഏറ്റുപറഞ്ഞ് ദൈവവിളി സ്വീകരിച്ചവർ പരസ്യമായി സഭക്കെതിരെ വെല്ലുവിളി നടത്തുന്നത് അപലപനീയമാണ്.

മാർപാപ്പയെയും സിനഡിനെയും അനുസരിക്കാത്തവർ സ്വയം ഒഴിഞ്ഞു പോകുകയോ സഭ അവരെ പുറത്താക്കുകയോ വേണം. കൈയ്യടി മേടിക്കാൻ വേണ്ടി കുർബാന മദ്ധ്യേ പ്രസംഗങ്ങൾ നടത്തി വൈറൽ ആക്കി മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന പ്രവർത്തികൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. എല്ലാ പരിധികളും ലംഘിക്കുന്ന പ്രവർത്തികളിലൂടെ വിശ്വാസികളുടെ ക്ഷമയെ പരീക്ഷിക്കരുതെന്നും ഇത്തരം അജണ്ടകൾക്ക് പിന്നിലുള്ളവർ പിൻവാങ്ങണമെന്നും കത്തോലിക്ക കോൺഗ്രസ് ഓർമിപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് അഡ്വ ബിജു പറയന്നിലത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ട്രഷറർ ഡോ ജോബി കാക്കശ്ശേരി, അഡ്വ പി റ്റി ചാക്കോ, ജോയി ഇലവത്തിക്കൽ, തോമസ് പീടികയിൽ, ഡോ ജോസുകുട്ടി ഒഴുകയിൽ, ടെസ്സി ബിജു, രാജേഷ് ജോൺ, മാത്യു കല്ലടിക്കോട്ട്, ബേബി നെട്ടനാനി, ജോമി മാത്യു, ബെന്നി ആന്റണി എന്നിവർ പ്രസംഗിച്ചു.

# അടൽ ടിങ്കറിങ് ലാബ് ആരംഭിച്ചു

തൃപ്പൂണിത്തുറ: സ്കൂൾ കുട്ടികൾക്കിടയിൽ നൂതനാശയങ്ങൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നിതി ആയോഗ് തുടക്കമിട്ട അടൽ ടിങ്കറിങ് ലാബ് തൃപ്പൂണിത്തുറ സെന്റ് ജോസഫ്സ് സി ജി ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ചു. എറണാകുളം വിമലാ പ്രൊവിൻസിന്റെ കീഴിലുള്ള സ്കൂളിൽ ആരംഭിച്ചിരിക്കുന്ന ആദ്യത്തെ ടിങ്കറിംഗ് ലാബാണിത്. രാജ്യത്തുടനീളമുള്ള ഹൈസ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നൂതനമായ ചിന്തകൾ വളർത്തിയെടുക്കാനുള്ള അടൽ ഇന്നൊവേഷൻ മിഷന്റെ (എഐഎം) മുൻനിര സംരംഭമാണ് അടൽ ടിങ്കറിംഗ് ലാബ്.





പദ്ധതിയുടെ ഉദ്ഘാടനം കെ. ബാബു എംഎൽഎ നിർവഹിച്ചു. സെന്റ് മേരീസ് ഫൊറോനാ പള്ളി വികാരി ഫാ. തോമൻ പെരുമായൻ, മദർ പ്രൊവിൻഷ്യൽ സിസ്റ്റർ ശുഭ മരിയ, നഗരസഭ കാൺസിലർ ആന്റണി ജോ വർഗീസ്, വിമല എജ്യുക്കേഷൻ കൗൺസിലർ സിസ്റ്റർ വിമൽ ജോസ്, ലോക്കൽ മാനേജർ സിസ്റ്റർ ജിൻസി മാത്യു, ജോജി ജേക്കബി, ജിയോ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

# കുടുംബത്തിനായി ഒരു ആഗോള കത്തോലിക്കാ ഉടമ്പടി

വത്തിക്കാൻ: 2022ൽ നടക്കുന്ന ആഗോള കുടുംബസംഗമത്തിന്റെ സമാപനത്തിൽ അഞ്ച് ഭൂഖണ്ഡങ്ങളിലേയും കത്തോലിക്കാ സർവ്വകലാശാലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുടുംബത്തെക്കുറിച്ച് ഒരു ആഗോള കത്തോലിക്കാ ഉടമ്പടി അവതരിപ്പിക്കാൻ വത്തിക്കാൻ ഒരുങ്ങുന്നു.

സഭയുടെ പ്രബോധനങ്ങളനുസരിച്ച് ലോകം മുഴുവനിലും കുടുംബത്തെ പ്രോൽസാഹിപ്പിക്കാൻ വേണ്ട പ്രവർത്തന പരിപാടികൾ പങ്കുവച്ചു കൊണ്ടുള്ള ഒരു സംരംഭമാണിത്. അൽമായർക്കും, കുടുംബത്തിനും, ജീവനുമായുള്ള വത്തിക്കാന്റെ ഡിക്കാസ്ട്രി പുറത്തിറക്കിയ പദ്ധതി പാപ്പാ പ്രഖ്യാപിച്ച 'അമോരിസ് ലെത്തീസിയ' കുടുംബ വർഷാഘോഷങ്ങളുടെ ഭാഗമാണ്.

കുടുംബത്തെക്കുറിച്ച് നടന്ന സിനഡിന് ശേഷം കുടുംബത്തിലെ സ്നേഹത്തിന്റെ സൗന്ദര്യത്തെയും ആനന്ദത്തെയുംകുറിച്ച് ഫ്രാൻസിസ് പാപ്പാ ഇറക്കിയ അപ്പസ്തോലിക പ്രബോധനമാണ് 'അമോരിസ് ലെത്തീസിയ' (Joy of Love).

# സീറോമലബാർ വിഷൻ - വാർത്താപോർട്ടൽ ഉദ്ഘാടനം ചെയ്തു

കാക്കാനാട്: സീറോമലബാർ സഭയുടെ മാധ്യമ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന 'സീറോമലബാർ വിഷൻ' വാർത്താപോർട്ടൽ (www.syromalabarvision.com) സിനഡിൽ വച്ച് അഭിവന്ദ്യ മേജർ ആർച്ച്ബിഷപ് കാർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സഭാവാർത്തകൾ യഥാസമയം സംലഭ്യമാക്കാൻ ഈ സംരംഭം സഹായമാകുമെന്ന് സിനഡ് വിലയിരുത്തി.

വിവിധങ്ങളായ അനേകം മാധ്യമങ്ങളുള്ള ഈ കാലഘട്ടത്തിൽ സഭയുടെ ശബ്ദമാകാനും ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ചു നിന്ന് മാധ്യമ ധർമ്മം നിർവഹിക്കാനും സത്യത്തിനു സാക്ഷ്യം വഹിക്കാനും സഭയുടെ നന്മകൾ സമൂഹത്തിന് ലഭ്യമാക്കാനും ഉതകുന്ന ഒരു വേദിയായി **സീറോമലബാർ വിഷൻ** പ്രതിമാസ ഓൺലൈൻ പത്രമായി പ്രവർത്തിച്ചുവരികയാണ്. സീറോമലബാർ സഭ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന ഈ സഭാപത്രം, സീറോമലബാർ സഭയുടെ വിവിധ തലങ്ങളുടെ സമന്വയമായും സഭാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ശബ്ദമായും പ്രവർത്തിക്കുന്നു. സഭാസൂനഹദോസിന്റെ തീരുമാനപ്രകാരം ആരംഭിച്ച സീറോമലബാർ വിഷന്റെ പ്രവർത്തനങ്ങൾക്ക് സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അനുഗ്രഹാശംസകൾ നല്കി. സീറോമലബാർ മീഡിയ കമ്മീഷൻ ആണ് ഇതിന് നേതൃത്വം നൽകുന്നത്. മീഡിയ കമ്മീഷൻ ചെയർമാർ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പുതിയ ചുവടുവെയ്പിന് ശക്തിയും പിന്തുണയും പകരുന്നു. മീഡിയ കമ്മീഷൻ എപ്പിസ്കോപ്പൽ മെമ്പേഴ്സായ മാർ പോളി കണ്ണൂക്കാടൻ പിതാവും, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവും ശക്തമായ പിന്തുണ നല്കുന്നു.

കേരളത്തിനകത്തും പുറത്തും ഭാരതത്തിനു വെളിയിലുമായുള്ള 35 രൂപതകളുടെയും അപ്പസ്തോലിക് വിസിറ്റേഷന്റെയും വിവിധ സമർപ്പിത സന്യാസസമൂഹങ്ങളുടെയും വിശേഷങ്ങളും വാർത്തകളും അതോടൊപ്പം സഭാസംബന്ധമായ മറ്റു വാർത്തകളുമാണ് സീറോമലബാർ വിഷനിലൂടെ പ്രസിദ്ധീകരിക്കുന്നത്. ഉത്തരവാദിത്വപൂർണ്ണമായ തിരുത്തലുകളും അകമഴിഞ്ഞ പ്രോത്സാഹനങ്ങളും അങ്ങേയറ്റം ആദരവോടെ സ്വീകരിക്കുമെന്നും സംക്ഷിപ്തവും സമഗ്രവുമായ രീതിയിൽ സീറോമലബാർ സഭയുടെ ജാലയായി മുന്നോട്ടുപോകണമെന്നുമാണ് ആഗ്രഹിക്കുന്നത് എന്നും സീറോമലബാർ വിഷന്റെ മേൽനോട്ടം വഹിക്കുന്ന മീഡിയ കമ്മീഷൻ സെക്രട്ടറി അറിയിച്ചു. വാർത്തകൾ വേഗത്തിലും സംക്ഷിപ്തമായും ലഭ്യമാക്കുന്ന ഈ വാർത്താ പോർട്ടൽ ഏവർക്കുമായി സമർപ്പിക്കുന്നു.

വാർത്താ പോർട്ടൽ ലഭ്യമാകുന്നതിനുവേണ്ടി താഴെ നല്കിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യുക:

